# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4 ലക്കം 4 പേജുകൾ 41 ജൂലൈ 2023



- കഥ: എസ്.കെ.വസന്തൻ
- മണിപ്പൂർ ഇന്ത്യയിലല്ലേ?

ഫ്രാങ്കോ ലൂയിസ്

## റിഥം ഓഫ് ലൈഫ്

നിളയേക്കാൾ ആർദ്രതയിൽ ഒരു കവി

ഡോ. ആർ.എസ്.രാജീവ്

മുഖച്ചിത്രം: എം.ഡി.രത്നമ്മ

# എഡിറ്റേഴ്സ് പേജ്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**

കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**

കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




തൃശൂർ ലിറ്ററി ഫോറവുമായി സഹകരിച്ച്, 'മഷിപ്പച്ച' വൈവിധ്യവത്കരണത്തിന്റെ പാതയിലാണ്. ഏറ്റവും മികച്ചത് വായനക്കാരന് നൽകണമെന്ന സദുദ്ദേശം മാത്രം പിറകിൽ. വിശിഷ്ട വ്യക്തിത്വങ്ങളുമായുള്ള അഭിമുഖങ്ങളും വ്യത്യസ്തതയുള്ള ഫീച്ചറുകളും പ്രമുഖരുടെ രചനകളും തുടർന്നുള്ള ലക്കങ്ങളിൽ ഉൾപ്പെടുത്തുവാൻ ഈ മാറ്റം സഹായകമാകും.

ആറ്റൂർ രവിവർമ്മ കവിതകൾ നിളയേക്കാൾ ആർദ്രതയാർന്നതെന്ന ഡോ. ആർ.എസ്.രാജീവിന്റെ വിശകലന ലേഖനമാണ് ഈ ലക്കത്തിന്റെ ഹൈലൈറ്റ്. നർമ്മത്തിൽ പൊതിഞ്ഞ വായനാനുഭവം പകരുന്ന ഒരു 'ചെറിയ കഥ' എസ്.കെ. വസന്തൻ മാഷ് പുതിയ ലക്കത്തിൽ എഴുതിയിട്ടുണ്ട്.

ഇടവം കഴിഞ്ഞിട്ടും മടിച്ചുനിന്ന മഴയുടെ തിരിച്ചുവരവിനൊപ്പമാണ് ജൂലൈ ലക്കം മാസിക പ്രസിദ്ധീകൃതമാകുന്നത്. ലബ്ധപ്രതിഷ്ഠരോടൊപ്പം പുതിയ എഴുത്തുകാരുടെയും രചനകൾ, വേറിട്ട വായനാനുഭവം പകരുന്നതാണ്. കഥകളും കവിതകളും പംക്തികളോടൊപ്പം ചേർത്തിട്ടുണ്ട്. എം.ആർ.ബാലചന്ദ്രന്റെ 'കാർട്ടൂൺ കേരളം' സവിശേഷ ശ്രദ്ധയർഹിക്കുന്നു.

പത്ര-വാരിക വിതരണത്തിന്, മഴക്കാലം തടസങ്ങൾ സൃഷ്ടിക്കുന്നത് സ്വാഭാവികമാണ്. വിതരണം ഭാഗികമാകുന്നതും മുടങ്ങുന്നതും സംഭവിക്കാവുന്നതാണ്. ഓൺലൈൻ മാധ്യമങ്ങളുടെ പ്രസക്തി, ഇക്കാരണം കൊണ്ടും വർധിക്കുകയാണ്. നിമിഷങ്ങൾക്കകം ലോകമെമ്പാടും വാർത്തയും സർഗരചനകളും എത്തിക്കുന്നതിനുള്ള സാങ്കേതിക സാധ്യതയാണ് ഓൺലൈൻ മാധ്യമങ്ങൾക്ക് തുണയാകുന്നത്. ഉത്തരവാദിത്ത ബോധത്തോടെയുള്ള പത്രപ്രവർത്തനം നടത്തുന്ന ഓൺലൈൻ മാധ്യമങ്ങൾക്ക് വായനക്കാർ ഏറെയാണ്. 'വാർത്താകേരളം' ഓൺലൈൻ ന്യൂസും 'മഷിപ്പച്ച' ഡിജിറ്റൽ മാസികയും ലോകമെമ്പാടുമുള്ള മലയാളി സമൂഹം വായനക്ക് സ്വീകരിച്ചതിനു പുറകിൽ, മറ്റു പ്രേരണകളില്ലെന്നതത്രേ യാഥാർഥ്യം.

**-സി.ആർ.രാജൻ,**
എഡിറ്റർ

# അകത്താളുകളിൽ

## ലേഖനം/പംക്തി


| | |
|---|---|
| ഫ്രാങ്കോ ലൂയിസ്: | പേജ് 5 |
| തേജശ്രീ: | പേജ് 10 |
| ഡോ. ആർ.എസ്.രാജീവ് | പേജ് 13 |
| ദിനു ദിലീപ് | പേജ് 16 |
| കുട്ടികളുടെ മഷിപ്പച്ച | പേജ് 38 |


## കാർട്ടൂൺ


| | |
|---|---|
| എം.ആർ.ബാലചന്ദ്രൻ | പേജ് 3 |


## കഥ


| | |
|---|---|
| എസ്.കെ.വസന്തൻ | പേജ് 4 |
| ദിവ്യ സി.ആർ. | പേജ് 19 |
| രേഖ തോപ്പിൽ | പേജ് 22 |
| സുധിൻ സുധാകരൻ | പേജ് 26 |


## കവിത


| | |
|---|---|
| മനീഷ | പേജ് 27 |
| നിബിൻ കള്ളിക്കാട് | പേജ് 28 |
| സുഭാഷ് പോണോളി | പേജ് 30 |
| സെയ്തലവി വിളയൂർ | പേജ് 31 |
| സോണി വർഗീസ് വാരനാട് | പേജ് 32 |
| ഷഫീന സൈത്തൂൻ | പേജ് 33 |
| ദർശന | പേജ് 34 |
| ശ്രീജാവിധു | പേജ് 35 |
| ജ്യോതിശ്രീ പി. | പേജ് 36 |
| കയ്യുമ്മു കോട്ടപ്പടി | പേജ് 37 |


# കാർട്ടൂൺ കേരളം:







എം.ആർ. ബാലചന്ദ്രൻ



എസ്.കെ.വസന്തൻ


# കവിതക്കാലം



പ്രിയപ്പെട്ട ചങ്ങാതി, ഗാലോസ് ക്ലൈംബറേ,
കണ്ടിട്ടും മിണ്ടിയിട്ടും കാലം കുറെ ഏറെ ആയി.
സുഖമില്ല. നടുവേദന. അഞ്ചാറുമാസമായി വയ്യ.
ജോലിസ്ഥലത്ത് ഇരിക്കുമ്പോൾ നടുവേദന,
നടക്കുമ്പോൾ നടുവേദന.
നട്ടെല്ല് ഇല്ലാത്തതാണ് പണിയെടുക്കുവാൻ
സൗകര്യം എന്നു സമാധാനിക്കുന്നു. വയ്യ
നടക്കുമ്പോൾ ചിലപ്പോൾ വേയ്ക്കുന്നു.
അടിതെറ്റിയാൽ ആനയും വീഴും
കോണികയറുവാൻ വയ്യ.
ഉയരങ്ങളിൽ എത്തരുത് എന്നാവാം വിധി.
പ്രഭാതഭക്ഷണം പലനിറത്തിലുള്ള ഗുളികകൾ
ഏഴെണ്ണം.
മഴവില്ലു വിരിയുന്ന ദിനാരംഭം
ഗുളികന്റെ അപഹാരകാലം എന്നു ജാതകം
ഒരു പിഎച്ച്.ഡി ചുമ്മാ കിട്ടി
പ്രഷർ, ഹൈപ്പർടെൻഷൻ, ഡയബറ്റിസ്
വയ്യെടോ, വയ്യ
വിസ വരാറായി
നാട്ടിൽ പോയി വിശ്രമിക്കാം എന്നു കരുതി
ഒന്നു പോയി നോക്കി; ഉടൻ മടങ്ങി
അവിടെയൊക്കെ സിദ്ധന്മാർ, മന്ത്രവാദം
ചാത്തൻസേവ, ധനാകർഷണയന്ത്രം, വശ്യം
ശ്വാസോച്ഛ്വാസ പരിശീലനം, പ്രാണായാമം
സൂര്യനമസ്കാരം, ശവാസനം
പടപേടിച്ചു പന്തളത്തു ചെന്നപ്പോൾ
പന്തംകൊളുത്തിപ്പട!
വേദന, ഉടലാകെ ലഹരിപിടിപ്പിക്കുന്ന വേദന
അപ്പോൾ
പുതിയ കവിതയോ, നിരൂപണമോ വായിക്കും
ഒരു ചെറിയ ഡോസ്...
ഹൗ! കുറെ നേരത്തേക്ക് സ്വസ്ഥം, ശാന്തം
സ്ഥലകാലബോധം ഇല്ലാത്ത അവസ്ഥ
വിശ്രാന്തി, നിർവ്വാണം
ബ്രഹ്മാനന്ദ സഹോദരാവസ്ഥ.

ഒന്നാം തീയതി കാലത്ത് രണ്ടു കത്തുകൾ എഴുതി. ഒന്ന് സുഹൃത്തിനുള്ളത്. അതാണ് മുകളിൽ ഉള്ളത്. രണ്ടാമത്തേത് വാരികയ്ക്ക്, പുസ്തകാഭിപ്രായം. അതിന്റെ ചുരുക്കം ലളിതം.

'പുസ്തകം നന്നായിട്ടുണ്ട്'.
മനസ്സിൽ വിചാരിച്ചു. 'പറ്റുമെങ്കിൽ മുഴുവനും വായിക്കണം'
ഇന്ന് മുപ്പത്തിഒന്നാം തീയതി. കൃത്യമായി വാരിക എത്തിയിട്ടുണ്ട്.
റാപ്പർ പൊട്ടിച്ചുവായിക്കാൻ തുടങ്ങി.
അപ്പോഴാണ് ഒരു മാസം മുമ്പ് പറ്റിയ അബദ്ധം
'ദൈവദൂതനെപ്പോലെ' മുന്നിലെത്തിയത്.
കത്തുകളുടെ മേൽവിലാസം മാറിപ്പോയിരുന്നു.
സുഹൃത്തിനയച്ച കത്ത് വാരികയിൽ അച്ചടിച്ചുവന്നിരിക്കുന്നു.
കവിതയായിട്ട്.
പത്രാധിപർക്കു നന്ദി, നന്ദി,
നൂറായിരം നന്ദി.



# മണിപ്പൂർ ഇന്ത്യയിലല്ലേ?



ഫ്രാങ്കോ ലൂയിസ്

**എന്താ, മണിപ്പൂർ ഇന്ത്യയിലല്ലേ എന്നു ചോദിക്കരുത്. ഇന്ത്യയുടെ തന്ത്രപ്രധാന മേഖലയിലുള്ള സംസ്ഥാനമാണു മണിപ്പൂർ. മ്യാൻമർ എന്ന പഴയ ബർമയുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനം. ചൈനയുമായി അതിർത്തി പങ്കിടുന്ന മ്യാൻമർ ചൈനയുടെ തന്ത്രപ്രധാന നീക്കങ്ങൾക്കുള്ള ഇടത്താവളമാണ്.**

രണ്ടു മാസമായി മണിപ്പൂർ കത്തുകയാണ്. 130 പേർ കൊല്ലപ്പെട്ടു. യഥാർത്ഥത്തിൽ അഞ്ഞൂറിലേറ പേരെങ്കിലും കൊല്ലപ്പെട്ടിട്ടുണ്ടാകാമെന്നാണ് അനൗദ്യോഗിക റിപ്പോർട്ടുകൾ. ആറായിരത്തോളം വീടുകളും 249 ദേവാലയങ്ങളും തകർക്കപ്പെട്ടു. കത്തിച്ചു കളഞ്ഞു. എഴുപതിനായിരത്തോളം പേരാണു ദുരിതാശ്വാസ ക്യാമ്പുകളിൽ. അമ്പതിനായിരത്തോളം പേർ പലായനം ചെയ്തു. പല ഗ്രാമങ്ങളേയും അക്രമികൾ വളഞ്ഞിട്ട് ആക്രമിച്ചു തകർത്തു കളഞ്ഞു.

ഇത്രത്തോളമായിട്ടും രാജ്യത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഒരക്ഷരം ഉരിയാടുന്നില്ല. അങ്ങോട്ടൊന്നു തിരിഞ്ഞുനോക്കുന്നുമില്ല. മണിപ്പൂരിൽനിന്നു കാണാനെത്തിയ പ്രതിപക്ഷ കക്ഷി നേതാക്കളേയും നിയമസഭാ സ്പീക്കർ അടക്കം ഭരണപക്ഷ നേതാക്കളേയും കാണാൻ തയാറായില്ല. കാണാനായി നാലു ദിവസമാണ് അവർ ഡൽഹിയിൽ കാത്തിരുന്നത്.

എന്താ, മണിപ്പൂർ ഇന്ത്യയിലല്ലേ എന്നു ചോദിക്കരുത്. ഇന്ത്യയുടെ തന്ത്രപ്രധാന മേഖലയിലുള്ള സംസ്ഥാനമാണു മണിപ്പൂർ. മ്യാൻമർ എന്ന പഴയ ബർമയുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനം. ചൈനയുമായി അതിർത്തി പങ്കിടുന്ന മ്യാൻമർ ചൈനയുടെ

തന്ത്രപ്രധാന നീക്കങ്ങൾക്കുള്ള ഇടത്താവളമാണ്.

ഗോത്ര വർഗക്കാരായ കുക്കികളും നാഗന്മാരും 60 ശതമാനം വരുന്ന ഭൂരിപക്ഷ വിഭാഗമായ മെയ്തെയ് വംശജരും സമാധാനപരമായി ജീവിച്ചിരുന്ന ഇവിടെ മേയ് രണ്ടിനാണ് കലാപത്തിനു തുടക്കമിട്ടത്. ബിജെപി ഭരണകൂടവും ഹൈക്കോടതിയും ഒരുപോലെ ഉത്തരവാദികളാണ്. മെയ്തെയ് വിഭാഗത്തെ ഗോത്രവർഗമായി പ്രഖ്യാപിച്ചുകൊണ്ടാണ് ഹൈക്കോടതി കലാപത്തിനു വിത്തിട്ടതെങ്കിൽ വനമേഖലയിൽ താമസിച്ചിരുന്ന നാഗന്മാരേയും കുക്കികളേയും കുടിയിറക്കുന്ന ഭൂസർവേ നടത്തിയാണ് ബിജെപി സർക്കാർ പ്രകോപനമുണ്ടാക്കിയത്. ഹൈക്കോടതിക്ക് അങ്ങനെയൊരു ഉത്തരവിടാൻ അധികാരമില്ലെന്നു പിന്നീടു സുപ്രീം കോടതി നിരീക്ഷിച്ചെങ്കിലും അതു മണിപ്പൂരിൽ ഏശിയിട്ടില്ല.



കുക്കികളും നാഗന്മാരും സർക്കാരിനെതിരേ പ്രതിഷേധ പ്രകടനങ്ങൾ നടത്തി. പിറകേ രണ്ടു ദിവസംകൊണ്ട് മെയ്തെയ് വിഭാഗക്കാർ സംഘടിതരായി അക്രമം അഴിച്ചുവിടുകയായിരുന്നു. കുക്കികളുടേയും നാഗന്മാരുടേയും ഗ്രാമങ്ങൾ വളഞ്ഞ് തീയിട്ടു. ദേവാലയങ്ങൾ കൊള്ളയടിക്കുകയും തകർക്കുകയും ചെയ്തു. ഉറ്റവർ എവിടെയെന്നുപോലും തിരിഞ്ഞുനോക്കാനാകാതെ ജീവനുംകൊണ്ട് അവർ ഓടി രക്ഷപ്പെട്ടു. വനമേഖലയിലെ ഒറ്റപ്പെട്ട ഗ്രാമങ്ങളിൽ നടന്ന കൂട്ടക്കുരുതികളിൽ എത്രപേർ കൊല്ലപ്പെട്ടെന്ന് തിട്ടപ്പെടുത്താനാവാത്ത അവസ്ഥയാണ്.

പോലീസ് ക്യാമ്പുകളിൽനിന്ന് അപഹരിച്ച തോക്കുകളും ആയുധങ്ങളും സഹിതമാണ് മെയ്തെയ് വിഭാഗത്തിന്റെ ആക്രമണം. എല്ലാ അതിക്രമങ്ങൾക്കും പോലീസ് അടക്കം സർക്കാരിന്റെ ഒത്താശ. അക്രമികൾക്കെതിരേ കേസില്ല, അറസ്റ്റും തെളിവെടുപ്പും ഇല്ല. പകരം ആക്രമണത്തിന് ഇരയായ കുക്കികളേയും നാഗന്മാരേയും പ്രതികളാക്കി ധാരാളം കേസെടുക്കുകയും ചെയ്തു.

മണിപ്പൂരിൽ കലാപം തുടങ്ങി ഒരു മാസം കഴിഞ്ഞപ്പോഴാണ് സ്ഥിതിഗതികൾ ആരാഞ്ഞുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മണിപ്പൂരിലെത്തിയത്. അതുവരെ കർണാടകത്തിൽ ബിജെപിക്കുവേണ്ടി തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ തിരക്കിലായിരുന്നു. മണിപ്പൂരിലെ വംശീയ കൂട്ടക്കുരുതിയുടെ ഭീകരത കണ്ട് അമിത് ഷാപോലും ഞെട്ടിപ്പോയി. പോലീസ് അടക്കമുള്ള സർക്കാർ സംവിധാനങ്ങൾ തങ്ങളെ വേട്ടയാടുകയാണെന്ന് ഇരയാക്കപ്പെട്ട ഗോത്ര വർഗക്കാർ പരാതിപ്പെട്ടു. നിയമവിരുദ്ധമായി വേട്ടയാടാൻ നേതൃത്വം നൽകിയ മുഖ്യമന്ത്രി ബിരേൻസിംഗിനെ പുറത്താക്കണമെന്നും അവർ ആവശ്യപ്പെട്ടു. കലാപത്തെ അടിച്ചമർത്താൻ പട്ടാളത്തെ അയച്ചു. കൂട്ടക്കൊല ചെയ്ത പന്ത്രണ്ടംഗ മെയ്തെയ് തീവ്രവാദികളെ പിടികൂടിയ പട്ടാളത്തെ സ്ത്രീകൾ അടക്കമുള്ള മെയ്തെയ് സായുധ സംഘം വ

ളഞ്ഞു. പട്ടാളത്തിനു പന്ത്രണ്ടു തീവ്രവാദികളേയും മോചിപ്പിക്കേണ്ടി വന്നു. അമ്പതു ദിവസത്തിനുശേഷം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വിളിച്ചുകൂട്ടിയ സർവകക്ഷിയോഗത്തിൽ ഉയർന്ന പ്രധാന ആവശ്യം മുഖ്യമന്ത്രി ബിരൻ സിംഗിനെ മാറ്റണമെന്നായിരുന്നു.

വിദ്വേഷവും വെറുപ്പും സൃഷ്ടിച്ച് കുക്കി, നാഗ വംശങ്ങളെ ഉന്മൂലനം ചെയ്യുന്ന ഭരണകൂട ഭീകരതയാണു മണിപ്പൂരിൽ ബിജെപി സർക്കാർ നടപ്പാക്കുന്നതെന്നാണു പ്രതിപക്ഷത്തിന്റെ ആരോപണം. 2002 ലെ ഗുജറാത്ത് കലാപത്തിന്റെ ആസൂത്രണ ബുദ്ധിതന്നെയാണ് ഇതിനു പിറകിലുള്ളത്.

## കോൺഗ്രസ് ഗ്രില്ലിൽ

കേരളത്തിലെ കോൺഗ്രസ് നേതാക്കൾ ഗ്രിൽ ചെയ്യപ്പെടുന്ന അവസ്ഥയിലാണ്. ഗ്രില്ലിലിട്ടു പൊരിച്ചെടുക്കുകയാണ്. കെപിസിസി പുനസംഘടന കീറാമുട്ടിയായി തുടരുന്നതിനിടെയാണ് നേതാക്കൾക്കെതിരേ കേസുകൾ പെരുമഴയായി വരുന്നത്. മോൻസൻ മാവുങ്കലിന്റെ തട്ടിപ്പുകേസിൽ കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ പണം കൈപ്പറ്റിയെന്നാണ് ഒരു കേസ്. പാർട്ടി ഓഫീസ് പണിയാൻ വിദേശത്തുനിന്ന് അടക്കം ധനസമാഹരണം നടത്തി പണാപഹരണം നടത്തിയെന്ന പരാതിയിൽ വിജിലൻസ് അന്വേഷണവും. സുധാകരന്റെ വരുമാന സ്രോതസുകൾ വിജിലൻസ് പരിശോധിക്കുകയാണ്.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെതിരേയും വിജിലൻസ് കേസ്. സ്വന്തം മണ്ഡലമായ പിറവത്ത് നടപ്പാക്കിയ പുനർജനി പദ്ധതിയിലേക്കു വിദേശത്തുനിന്ന് അടക്കം നടത്തിയ പണപ്പിരിവാണ് വിജിലൻസ് അന്വേഷിക്കുന്നത്. നിയമസഭാ മന്ദിരത്തിൽ സ്പീക്കറുടെ ചേംബറിനു മുന്നിൽ നടത്തിയ അതിക്രമങ്ങളുടെ പേരിലുള്ള കേസുകൾ വേറെയുമുണ്ട്.



അടുത്ത വർഷം ഏപ്രിൽ, മേയ് മാസങ്ങളിൽ നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനു കോൺഗ്രസിനെ സജ്ജമാക്കാൻ പാർട്ടി കമ്മിറ്റികൾ പുനസംഘടിപ്പിക്കാൻ പാടുപെടുന്നതിനിടയിലാണ് കേസുകൾ മാറാപ്പായി മാറിയത്. ബ്ലോക്ക് കമ്മിറ്റികൾ പുനസംഘടിപ്പിച്ചതോടെ എ, ഐ ഗ്രൂപ്പുകൾ സുധാകരനും സതീശനും എതിരേ പരസ്യമായി രംഗത്തുവന്നു. ഇപ്പോൾ മണ്ഡലം കമ്മിറ്റികളുടെ പുനസംഘടനയും യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പും നടത്താനുള്ള ഓട്ടത്തിലായിരുന്നു ഇരുവരും.

ഗ്രൂപ്പുകളും കേസുകളുമെല്ലാം വേട്ടയാടുന്നുണ്ടെങ്കിലും സുധാകരനും സതീശനും അടക്കമുള്ള കെപിസിസി നേതൃത്വത്തിനു പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ് കോൺഗ്രസ് ഹൈക്കമാൻഡ്.

## വ്യാജ വാഴ്ച

വിദ്യാഭ്യാസ മേഖലയിൽ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന സംസ്ഥാനമാ

ണു കേരളം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളും കോളജുകളും ദേശീയ തലത്തിൽ മികച്ച ഗ്രേഡുകൾ നേടുന്നവയാണ്. വിവിധ വകുപ്പുകൾക്കു കീഴിലുള്ള 16 യൂണിവേഴ്സിറ്റികളേയും നയിക്കുന്നത് പ്രഗൽഭരും പ്രതിഭാധനരുമായ പണ്ഡിതരാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളുടേയും വിശ്വാസ്യതയുടേയും തിളക്കത്തെ മങ്ങലേൽപിക്കുന്ന ചില ആരോപണങ്ങൾ ഈയിടെ ഉയർന്നുവന്നു. ഒരു വിരുതൻ വ്യാജ ബിരുദ സർട്ടിഫിക്കറ്റു തട്ടിക്കൂട്ടിയെന്ന കേസാണത്. ആരോപിതനായയാൾ പ്രമുഖ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിരുന്നതിനാലാകാം വാർത്തയ്ക്ക് അർഹിക്കുന്നതിനേക്കാൾ വളരെ പ്രചാരമുണ്ടായി.

സമൂഹത്തിന്റെ സമസ്ത മേഖലയിലും ഒന്നോ രണ്ടോ പുഴുക്കുത്തുകളുണ്ടാകാം. പക്ഷേ, അവയെ ഉയർത്തിക്കാണിച്ചു സാമാന്യവത്കരിക്കുന്നതു ശരിയല്ല. അതു കേരളത്തോടും വിദ്യാർത്ഥികളോടും ചെയ്യുന്ന അപരാധമായിരിക്കും. കേരളത്തിലെ സർവകലാശാലകൾ അടക്കം ഉന്നത വിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യതയെപോലും ഇകഴ്ത്തിക്കാണിക്കുന്ന നിലയിലേക്കു ദുഷ്പ്രചാരണങ്ങളുണ്ടായി. കേരളത്തിലെ വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തിലും കരിയറിലും കരിയോയിൽ ഒഴിക്കുന്നത് ഒട്ടും ഭൂഷണമല്ല.




ഗവർണർ സർക്കാരിനോടു പ്രഖ്യാപിച്ചിട്ടുള്ള ശീതസമരം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാൻ അനുവദിക്കരുത്. വൈസ് ചാൻസലർമാരുടെ നിയമനം അടക്കമുള്ള വിഷയങ്ങളിൽ ഗവർണർ സർക്കാർ വിരുദ്ധ നിലപാടിലാണ്. കേരള യൂണിവേഴ്സിറ്റി, മലയാളം യൂണിവേഴ്സിറ്റി എന്നിവ അടക്കം സംസ്ഥാനത്തെ പല സർവകലാശാലകളുടേയും തലപ്പത്ത് ആക്ടിംഗ് വൈസ് ചാൻസലർമാരാണ്. മുഴുവൻ സമയം പ്രവർത്തിക്കേണ്ട വൈസ് ചാൻസലർക്കു പകരം താത്കാലിക വൈസ് ചാൻസലർമാരെയും ഇൻ ചാർജ് വീസിമാരേയും നിയോഗിക്കുന്നതു സർവകലാശാലകളുടെ മികവുറ്റ പ്രവർത്തനങ്ങളേയും കാര്യക്ഷമതയേയും ബാധിക്കും.

തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ തീരുമാനങ്ങൾക്കു വിരുദ്ധമായി സ്വന്തം തീരുമാനങ്ങൾ നടപ്പാക്കുന്നതു ജനാധിപത്യ സംവിധാനത്തിനു ഭൂഷണമല്ല. നിയമസഭ പാസാക്കിയ യൂണിവേഴ്സിറ്റി ഭേദഗതി നിയമം അടക്കം ഗവർണർ ഒപ്പിടാതെ പിടിച്ചുവച്ചിരിക്കുകയാണ്.

## ഓണേഴ്സും പെൻഷനും

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നവീകരണ പരിപാടികൾ പ്രഖ്യാപിച്ചിരിക്കുകയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി ഡോ. ആർ. ബിന്ദു. നാലു വർഷത്തെ ഡിഗ്രി ഓണേഴ്സ് കോഴ്സ് ആരംഭിക്കുന്നുവെന്നതാണ് ഇതിൽ മുഖ്യം. ഡിഗ്രി മാത്രം വേണ്ടവർക്ക് മൂന്നു വർഷത്തെ കോഴ്സ് പൂർത്തിയാക്കാം. താൽപര്യമുള്ളവർക്ക് ഓണേഴ്സ് നേടാം. ഒരു വർഷം കൂടുതൽ പഠിച്ചതുകൊണ്ട് എന്തു പ്രയോജനമെന്നു ചോദിക്കുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും നമുക്കിടയിലുണ്ട്.

ബിരുദ പഠനം ഒരു വർഷം നീട്ടിക്കൊണ്ടുപോകുന്ന പഴുതിലൂടെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള നീക്കമാണെന്ന് ആരോപണം ഉന്നയിക്കുന്നവരുമുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആണെങ്കിൽ കേന്ദ്ര സർക്കാർ ജീവനക്കാരുടേത് 60 ആണ്. സ്വകാര്യ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം 58 ആണ്.

ഹൈക്കോടതി ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തണമെന്ന നിർദേശം സർക്കാരിന്റെ പരിഗണനയിലാണ്. പെൻഷൻ പ്രായം 58 ആയി വർധിപ്പിച്ചാൽ രണ്ടു വർഷം സർക്കാർ സർവീസുകളിൽനിന്ന് ആ

രും പിരിഞ്ഞുപോകില്ല. പിരിയുമ്പോൾ ഓരോരുത്തർക്കും നൽകേണ്ട ലക്ഷങ്ങളുടെ ആനുകൂല്യങ്ങൾ നൽകാതിരിക്കാമെന്നുവരെ ചർച്ച കത്തിക്കയറിയിട്ടുണ്ട്. രണ്ടു വർഷം കഴിഞ്ഞാൽ കൂട്ടവിരമിക്കലാകും. അത്രയും പേർക്ക് ആനുകൂല്യങ്ങൾ നൽകാൻ സർക്കാരിനു പ്രയാസവുമാകും.

## പട്ടിവേട്ട

കേരളത്തിലെ ജനങ്ങളെ പട്ടികൾ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. കുഞ്ഞുങ്ങൾക്കു റോഡിലിറങ്ങി നടക്കാനെന്നല്ല, സ്വന്തം വീട്ടുമുറ്റത്തു നിൽക്കാൻ പോലും കഴിയാത്തത്രയും തെരുവു നായ ശല്യം വർധിച്ചു. വീടിനടുത്തു റോഡരികിൽ കളിച്ചുകൊണ്ടിരുന്ന ബാലനെ നായ കടിച്ചുകീറി കൊന്നതും വീട്ടുമുറ്റത്തു നിന്ന കുഞ്ഞിനെ മൂന്നു നായ്ക്കൾ വളഞ്ഞിട്ട് ആക്രമിച്ചു കടിച്ചുപൊളിച്ചതും മനുഷ്യ മനസാക്ഷിയെ ഞടുക്കിയ വിശേഷങ്ങളാണ്.



ആറു മാസത്തിനിടെ തെരുവു നായ്ക്കളുടെ കടിയേറ്റത് ഒന്നര ലക്ഷത്തോളം പേർക്കാണ്. ജനുവരി മുതൽ മേയ് വരെയുള്ള അഞ്ചു മാസത്തിനിടെ 1.37 ലക്ഷം പേർ നായ് കടിയേറ്റു ചികിൽസ തേടി. കഴിഞ്ഞ വർഷം രണ്ടു ലക്ഷത്തിലേറെ പേരെയാണു നായ കടിച്ചത്. ഈ വർഷം അവസാനിക്കുമ്പോഴേക്കും തെരുവുനായ്ക്കളുടെ കടിയേറ്റു ചികിൽസ തേടുന്നവരുടെ എണ്ണം മൂന്നു ലക്ഷത്തോളമായി വർധിക്കും.

സംസ്ഥാനത്ത് മൂന്നു ലക്ഷത്തോളം തെരുവു നായ്ക്കളുണ്ടെന്നാണ് 2019 ലെ കണക്ക്. ഇപ്പോഴത് ഇരട്ടിയോളം വർധിച്ചുകാണും. വീടുകളിൽ എട്ടേകാൽ ലക്ഷം നായ്ക്കളെ വളർത്തുന്നുണ്ടെന്നാണു വിവരം. നായക്കളെ വളർത്തുന്നതിനു ലൈസൻസ് വേണമെന്നു ചട്ടമെല്ലാമുണ്ട്.

തെരുവു നായ്ക്കളുടെ ശല്യം വർധിക്കാൻ മുഖ്യമായും രണ്ടു കാരണങ്ങളുണ്ട്. തെരുവു നായ്ക്കൾക്ക് ഇഷ്ടമുള്ളത്രയും ഭക്ഷണം തെരുവുകളിൽനിന്നു ലഭിക്കുന്നുവെന്നതാണ് ഒന്ന്. നാം തെരുവോരത്തു വലിച്ചെറിയുന്ന മാലിന്യങ്ങളാണു തെരുവുനായ്ക്കളെ വളർത്തുന്നത്. മൽസ്യ മാംസങ്ങളുടേയും ഭക്ഷണങ്ങളുടേയുമെല്ലാം അവശിഷ്ടങ്ങൾ കവറിലാക്കി തെരുവിലെറിയുന്ന ശീലം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.

തെരുവു നായ്ക്കളെ കൊന്നൊടുക്കിയല്ല പരിഹാരം കാണേണ്ടത്. പ്രജനന നിയന്ത്രണം ഏർപ്പെടുത്തണം. പ്രജനന നിയന്ത്രണത്തിനുള്ള അനിമൽ ബർത്ത് കൺട്രോൾ (എബിസി) സെന്ററുകളുടെ പ്രവർത്തനം കഴിഞ്ഞ അഞ്ചു വർഷത്തോളമായി നിർത്തിവച്ച നിലയിലാണ്.

സംസ്ഥാനത്ത് വെറ്ററിനറി ആശുപത്രികളോടനുബന്ധിച്ച് 20 എബിസി കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. തെരുവുനായ് ശല്യം വർധിച്ചതോടെ 25 വെറ്ററിനറി ആശുപത്രികളോടനുബന്ധിച്ച് പുതിയ എബിസി സെന്ററുകൾകൂടി ആരംഭിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എം.ബി. രാജേഷ് പ്രഖ്യാപിച്ചിട്ടുണ്ട്.

നായ്ക്കളെ പിടിച്ചുകൊണ്ടുവരാനും എബിസി കേന്ദ്രത്തിൽ മൃഗ ഡോക്ടറുടെ നേതൃത്വത്തിൽ വന്ധ്യംകരണ ശസ്ത്രക്രിയ നടത്താനും ഒരാഴ്ചത്തെ പരിചരണത്തിനുശേഷം നായ്ക്കളെ പിടികൂടിയ പ്രദേശത്തുതന്നെ വിട്ടയക്കുകയും വേണം. ഇതു പണച്ചെലവുള്ള കാര്യമാണ്. ഇതിനുള്ള പണം അനുവദിക്കാത്തതുമൂലമാണ് എബിസി പദ്ധതി അഞ്ചു വർഷത്തോളമായി മുടങ്ങിയത്. ഇതോടെ തെരുവുനായ്ക്കൾ പെറ്റുപെരുകി.

ആക്രമണകാരികളായ തെരുവു നായ്ക്കളെ കൊല്ലണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. നാഗാലാൻഡിൽ മട്ടൻ പോലെ പ്രിയപ്പെട്ട ഭക്ഷ്യവിഭവമാണു പട്ടി മാസം. ഇടക്കാലത്തു പട്ടി മാംസം വിൽക്കുന്നതു നിരോധിച്ചതായിരുന്നു. എന്നാൽ പട്ടി മാംസം വിൽക്കുന്നതും വിളമ്പുന്നതും നാടിന്റെ സംസ്കാരത്തിന്റെ ഭാഗമാണെന്നു ചൂണ്ടിക്കാട്ടി കഴിഞ്ഞ മാസമാണു കോടതി വിലക്ക് റദ്ദാക്കിയത്. കേരളത്തിൽ പട്ടി മാസം വിളമ്പിയില്ലെങ്കിലും പട്ടികൾ മനുഷ്യനെ ശാപ്പിടുന്നതു തടയാൻ സംവിധാനം ഒരുക്കിയേ തീരൂ.

# PISTAH SUMA KIRA!!



# ഈ ആത്മാവിന്റെയൊരു കാര്യം!




**തേജശ്രീ**

**ആത്മാവുള്ളതാകണം സംഗീതം എന്നു പറയാറുണ്ട്. സംഗീതം മാത്രമല്ല, എന്തും ആത്മാർഥതയോടെ ചെയ്യണമല്ലോ. സിനിമാപ്പാട്ടിൽ ആത്മാവിന് എന്തുകാര്യം എന്നാലോചിച്ചാൽ രസകരമാണ്. കാലം പോകെപ്പോകെ ആകപ്പാടെ കൈവിട്ടകളിയാണ്. എന്നാലോ രസകരവും.**

ആരണ്യകം എന്ന സിനിമയിൽ ഒ.എൻ.വി. കുറുപ്പ് രചിച്ച് രഘുനാഥ് സേത്തിന്റെ ഈണത്തിൽ യേശുദാസ് പാടിയ ഒരു സുന്ദരഗാനമുണ്ട്- ആത്മാവിൽ മുട്ടിവിളിച്ചതുപോലെ.. സ്നേഹാതുരമായ് തൊട്ടുരിയാടിയ പോലെ... ഒരു പ്രണയം വന്നു തൊട്ടുവിളിക്കുകയാണ്. എന്തു മനോഹരമാണ് വരികളും ഈണവും. ഗാനഗന്ധർവന്റെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ.

പറഞ്ഞുവന്നത് ഒ.എൻ.വിയുടെ സങ്കല്പങ്ങളുടെ ഭംഗിയാണ്. മണ്ണിന്റെ ഇളംചൂടാർന്നൊരു മാറിൽ ഈറനാമൊരിന്ദുകിരണം പൂവു ചാർത്തിയപോലെ... താഴമ്പൂ കാറ്റു തലോടിയപോലെ... നൂറാതിരതൻ രാക്കുളിരാടിയപോലെ... കുഞ്ഞുപൂവിന്നഞ്ജനത്തിൻ ചാന്തു തൊട്ടതുപോലെ...

എന്തൊക്കെപ്പോലെയാണ് പ്രണയത്തിന്റെ സൗമ്യസുന്ദരമായ വരവ്!

## പാട്ടിലെ കവിത

മലയാള ചലച്ചിത്രഗാനങ്ങളുടെ വരികളിൽനിന്ന് കവിതയുടെ ഭംഗി നഷ്ടപ്പെടുന്നു

എന്ന വിലാപം കേട്ടുതുടങ്ങിയിട്ട് നാളേറെയായി. ഈണമിട്ടശേഷം വരികൾ എഴുതിത്തുടങ്ങിയത്, പശ്ചാത്തലത്തിൽ ഉപകരണങ്ങളുടെ ശബ്ദഘോഷം നിറഞ്ഞത്, പാട്ടുകൾ മൊത്തത്തിൽ അടിപൊളി എന്ന ഗണത്തിലേക്കു ചാഞ്ഞത്, വരികളുടെ ഭംഗി നോക്കിയിരിക്കാൻ ആർക്കും സമയമില്ലാതായത്.. ഇതൊക്കെ ആ അവസ്ഥയിലേക്കു വഴിതെളിച്ചു. ഗാനരചയിതാക്കളിൽ കവികളുടെ എണ്ണം വിരലിലെണ്ണാവുന്നതായി ചുരുങ്ങിയതും ഒരു കാരണമാവാം. എന്നാൽ പുതിയകാലത്തെ സിനിമകളിൽ കാവ്യഭംഗിയുള്ള പാട്ടുകൾക്ക് ഇടംകുറഞ്ഞു എന്നതുതന്നെയാണ് പ്രധാനകാര്യം. എന്തിന്, പാട്ടുകളേ വേണ്ട എന്ന മനോഭാവവും പല സംവിധായകർക്കുമുണ്ട്. സിനിമയുടെ ഗൗരവം പോകുമെന്നതാണ് മുമ്പത്തെ ചില സംവിധായകർ പാട്ടുവേണ്ട എന്ന നിലപാടെടുക്കാൻ കാരണം. ഇന്നത്തെ സിനിമകൾക്കാകട്ടെ ചടുലമായ കഥയും അവതരണരീതിയുമാണ്. അതിനിടയ്ക്ക് ഒരു മെലഡി കൊണ്ടുവന്നുവച്ചാൽ തിയേറ്ററിൽനിന്ന് ആളുകൾ ഇറങ്ങിപ്പോകുമോ എന്ന പേടിയും.







## ഫൺ എലമെന്റ്

വിചിത്രമായ പദപ്രയോഗങ്ങളാലും ആശയങ്ങളാലും കൗതുകവും ഒരിത്തിരി ചിരിയും സമ്മാനിക്കുക എന്ന നിലയിലേക്ക് പാട്ടുകളുടെ വരികൾ ഇടക്കാലത്തു മാറി. ജഗതിയുടെ പ്രശസ്തമായ പിസ്താ സുമാകിറാ സോമാറി (കിന്നാരം, 1983) എന്ന വരികൾ രൂപഭേദം വരുത്തി നിവിൻ പോളി നായകനായ നേരം എന്ന ചിത്രത്തിലെ പാട്ടായി വന്നതോടെയാണ് ഇത്തരം പാട്ടുകൾ തരംഗമായതെന്നു പറയാം. സുറിക റിക്കാമുക്കാ മുഴം പോട്ടെ മാറി കൊഴുന്ത് കബത്തിലു മാറ്റി പുടിച്ചു എന്നു തുടങ്ങുന്ന വരികൾക്ക് പ്രത്യേകിച്ച് ഒരർഥവുമില്ല. രാജേഷ് മുരുഗേശന്റെ ഈണത്തിൽ ശബരീഷ് വർമ പാടിയ പാട്ട് ഹിറ്റായി. നേരം സിനിമയുടെ തീം സോംഗ് ആയിരുന്നു അത്.

കാലംപോകെ വേറെയും ഫൺ സോംഗ്സ് വന്നു. സോൾട്ട് ആൻഡ് പെപ്പർ എന്ന ചിത്രത്തിൽ അവിയൽ ബാൻഡിന്റെ അയ്യപ്പൻ കുയ്യപ്പൻ എന്ന ഗാനം അവതരിപ്പിക്കപ്പെട്ടപ്പോൾ നെറ്റിചുളിച്ചവർ ഏറെയുണ്ട്. റഫീഖ് അഹമ്മദ് എഴുതിയ പ്രേമിക്കുമ്പോൾ നീയും ഞാനും നീരിൽ വീഴും പൂക്കൾ എന്ന സുന്ദരഗാനവും അതിലുണ്ടായിരുന്നു. അയ്യപ്പൻ കുയ്യപ്പനെ പാട്ടായിപ്പോലും പലരും അംഗീകരിച്ചില്ല.

കുറച്ചുകൂടി സമീപകാലത്തേക്കു വന്നാൽ തണ്ണീർമത്തൻ ദിനങ്ങൾ എന്ന സിനിമ അത്തരം ഫണ്ണി വരികളുള്ള പാട്ടുകൾ ഇറക്കി. ജാതിക്കാ തോട്ടം ജാതി നിന്റെ നോ

ട്ടം എന്ന പാട്ട് വരികൾകൊണ്ടും സംഗീതം കൊണ്ടു ശ്രദ്ധിക്കപ്പെട്ടു. പുതുമയുള്ള ഒരു വാക്കിൽ തുടങ്ങാൻ കഴിയുമോ എന്ന സംഗീതസംവിധായകൻ ജസ്റ്റിൻ വർഗീസിന്റെ ചോദ്യത്തിൽനിന്നാണ് ഗാനരചയിതാവ് സുഹൈൽ കോയ ജാതിക്കാ തോട്ടം എഴുതിയത്. ഇതേ ചിത്രത്തിലെ ശ്യാമവർണ രൂപിണി കഠോരഭാഷിണി എന്നു തുടങ്ങുന്ന പ്രദീപ് പള്ളുരുത്തി പാടിയ പാട്ടും പ്രവചിക്കാനാവാത്ത വാക്കുകളാൽ അലങ്കരിക്കപ്പെട്ടു.

## അശുഭ മംഗളകാരി

സൂപ്പർ ശരണ്യ എന്ന ചിത്രത്തിലെ അശുഭ മംഗളകാരി എന്ന പാട്ടുനോക്കുക. വിപരീതങ്ങളെ ചേർത്തുവച്ചും പ്രാസത്തിന്റെ




ഭംഗിനിറച്ചും വരികൾ തമാശ സൃഷ്ടിക്കുന്നുണ്ട്. അശുഭവും മംഗളവും ചേരുന്നിടത്തു തന്നെയുണ്ട് വൈപരീത്യത്തിന്റെ കൗതുകം. നീ തോറ്റടിഞ്ഞ ഝാൻസി റാണി, പാട്ടൊഴിഞ്ഞാകാശവാണി എന്നൊക്കെയാണ് വിശേഷണം. മടി നീ അടിമുടി, ഇടിഞ്ഞ കൊടുമുടി, പൊടിഞ്ഞ മെതിയടി, നനഞ്ഞ കതിന, കുഴഞ്ഞ കുതിര തുടങ്ങിയ പ്രയോഗങ്ങൾ പിന്നാലെ. കാട്ടു വാനമ്പാടി, നീ തോറ്റു തുന്നംപാടി, കാലാവധി കഴിഞ്ഞുറഞ്ഞിരിക്കണ വേദന സംഹാരി– ആകെമൊത്തം കിടു!

കഥയ്ക്കും കഥാപാത്രത്തിനു യോജിക്കുന്നത് എന്താണോ അതു സൃഷ്ടിക്കാൻ പാട്ടിനു കഴിയുന്നു എന്നതാണ് കാര്യം. ഈ പാട്ടിനു പിന്നിലും സുഹൈൽ കോയ, ജസ്റ്റിൻ വർഗീസ് ടീം തന്നെയാണ്.

## വീണ്ടും ആത്മാവ്

അടുത്തകാലത്ത് ജനം ഏറ്റുപാടിയ പാട്ടിലേക്കു വന്നാൽ അതിലുമുണ്ട് മുമ്പു പറഞ്ഞ ആത്മാവ്. സംഗതി പരേതാത്മാവാണെന്നു മാത്രം. രോമാഞ്ചം എന്ന സിനിമയിലെ പാട്ടാണ്– ആത്മാവേ പോ...

വരികളിലൊരിടത്ത് പെട്ടെന്നാരാരോ തട്ടിവിളിച്ചതു പോലെ... ആര്യണകത്തിൽ ആത്മാവിൽ മുട്ടിവിളിച്ചതാണെങ്കിൽ ഇവിടെ ആത്മാവു വന്ന് തട്ടിവിളിക്കുന്നു!

പത്തിമടക്കി പൊത്തിലിരിക്കും തക്ഷകനെ പെടലിൽ എടുത്തണിഞ്ഞേ.. പെട്ട് വലഞ്ഞേ നട്ടം തിരിഞ്ഞേ.. ശക്തിയഖിലം ബുദ്ധി സഹിതം കത്തിയില്ലാ കത്തികൊണ്ട് കൊത്തിയരിഞ്ഞേ... വട്ടു പിടിച്ചേ മുട്ടും ഇടിച്ചേ... ഇങ്ങനെ പോകുന്നു ചിരി നിറയ്ക്കുന്ന വരികൾ. കാലംപോയൊരു പോക്കേ! വിനായക് ശശികുമാർ എഴുതി സുഷിൻ ശ്യാം ഈണമിട്ടു പാടിയതാണ് ഈ പാട്ട്. ഇതും കഥയുടെ സന്ദർഭത്തിന് തീർത്തും അനുയോജ്യം.

അപ്പോൾ ഈ വിധമാണ് പാട്ടിന്റെ കാര്യം. പലകാലങ്ങളിൽ പല പാട്ടുകൾ പല വരികൾ എന്നേ പറയാനുള്ളൂ.

# സഹ്യനേക്കാൾ പൊക്കത്തിലും നിളയേക്കാൾ ആർദ്രതയിലും... ഒരു കവി – ആറ്റൂർ രവിവർമ്മ



ഡോ. ആർ.എസ്.രാജീവ്

**ആ**ധുനികതയുടെ സൂര്യവെളിച്ചം ആദ്യം തെളിഞ്ഞിറങ്ങിയത് ആറ്റൂർ രവിവർമ്മയുടെ കവിതകളിലാണ്. കവിതയും ജീവിതവും ഈ കവിയെ സംബന്ധിച്ച് രണ്ടായിരുന്നില്ല. ആരെയും കൂസാതെ, നിലപാടുകളിൽ തികഞ്ഞ സത്യസന്ധത പുലർത്തിയ, ആറ്റൂർ എല്ലാവിധ സ്വാർഥതാല്പര്യങ്ങളെയും തന്റെ ജീവിതത്തിന് പുറത്തു നിർത്തി. സഹ്യനേക്കാൾ തലപ്പൊക്കവും നിളയേക്കാൾ ആർദ്രതയുമെന്ന് പി.യുടെ കവിതയെ വിശേഷിപ്പിച്ചപ്പോൾ ആറ്റൂർ ഓർത്തിരിക്കില്ല, വരും തലമുറ അതേ വിശേഷണം തനിക്കും ചാർത്തിത്തരുമെന്ന്. എന്നാൽ അതായിരുന്നു സംഭവിച്ചത്. ഒന്നും പ്രതീക്ഷിക്കാതെ എന്നാൽ എല്ലാവരെയും സ്നേഹിച്ചുകൊണ്ട് ആറ്റൂർ കവിതയെഴുതി, എണ്ണത്തിൽ കുറവാണെങ്കിലും. ആരിൽ നിന്നും ഒന്നും ആഗ്രഹിച്ചില്ല. അതിനാൽ നിരാശപ്പെട്ടുമില്ല.

'അന്ധർ നിൻ തുമ്പിയോ കൊമ്പോ
പള്ളയോ തൊട്ടിടഞ്ഞിടാം.
എനിക്ക് കൊതി നിൻ വാലിൽ
രോമം കൊണ്ടൊരു മോതിരം'

എന്ന് എഴുതാൻ കഴിഞ്ഞതും അതുകൊണ്ടാണ്.

ഉത്സവങ്ങളും വേലകളും ആനയോട്ടവും പുലികളും യക്ഷികളും ഇരുട്ടും തോരാത്ത മഴയും നിറഞ്ഞ മലഞ്ചെരുവിലെ കൊച്ചു ഗ്രാമത്തിന്റെ ആത്മാവിലാണ് കവിയുടെ ജീവിതം അരങ്ങേറിയത്.

"എനിക്ക് മൗനമാണ് ഇഷ്ടം. പുലർച്ചയ്ക്കോ വൈകുന്നേരമോ നടപ്പാതകളിലൂടെ നടത്തം. ഞാൻ മാത്രം. ഞാനുമില്ല. ഒപ്പം വാക്കുകൾ. മൗനത്തിൽനിന്നാണ് എന്റെ കവിത പിറക്കുന്നത്. ...ഞാൻ മൗനം ശീലിക്കുന്നു. ആൾക്കൂട്ടത്തിൽ പെട്ടാലും. അതു

കൊണ്ടാകാം നിങ്ങൾ സംശയിച്ചപോലെ ഞാൻ നിശ്ശബ്ദനായിപ്പോയത്." അഭിമാനത്തോടെ, ആത്മബോധത്തോടെ, ഒരിക്കൽ ആറ്റൂർ തന്റെ ജീവിതത്തെ വ്യാഖ്യാനിച്ചു. ഭീതി, പാപം, അറപ്പ്, കയ്പ് എന്നിവയെ വാക്കുകൾകൊണ്ട് പുറത്തുചാടിക്കുന്ന ഒരു കർമ്മമായിട്ടാണ് കവിതയെഴുത്തിനെ അദ്ദേഹം കണ്ടത്.

കാല്പനികത, ആധുനികത, ഉത്തരാധുനികത തുടങ്ങിയ പ്രസ്ഥാനങ്ങളെ അതിജീവിച്ചു നിൽക്കുന്ന കവിതയാണ് ആറ്റൂരിന്റേത്. ആധുനികജീവിതത്തിന്റെ അസ്വസ്ഥതകളൊക്കെയും കവിതകളെ സ്വാധീനിച്ചു. ഒറ്റപ്പെടലും ഭയവും വിഹ്വലതയും നിറഞ്ഞ ആറ്റൂരിന്റെ മനസ്സ് കവിതകൾക്ക് വളക്കൂറുള്ള മണ്ണായി മാറി. പദപ്രയോഗങ്ങളിൽ കർക്കശധൈര്യം പ്രകടിപ്പിക്കുന്ന കവി കൃത്യമായ ആശയസംവേദനത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ല.

'നീയിന്നാ മേഘരൂപന്റെ
ഗോത്രത്തിൽ ബാക്കിയായവൻ
ഏതോ വളകിലുക്കം കേ-
ട്ടലയും ഭ്രഷ്ടകാമുകൻ
അണുധൂളി പ്രസാരത്തിന്ന-
വിശുദ്ധ ദിനങ്ങളിൽ
മുങ്ങിക്കിടന്നു നീ പൂർവ്വ-
പുണ്യത്തിന്റെ കയങ്ങളിൽ

എന്ന വരികൾ നോക്കുക. വ്യാഖ്യാനങ്ങൾക്കും പുകഴ്ത്തലുകൾക്കും ഇകഴ്ത്തലുകൾക്കും ചൊൽക്കാഴ്ചകൾക്കും അകലെ കവിതയ്ക്ക് മറ്റൊരു വഴി കൂടിയുണ്ടെന്ന് ഈ കവി നമ്മെ ബോധ്യപ്പെടുത്തുന്നു. വ്യാഖ്യാനിക്കുമ്പോൾ നഷ്ടപ്പെടുന്നതാണ് കവിത എന്ന് അത് നമ്മെ ഓർമപ്പെടുത്തുന്നു. കവിയുടെ ബിംബം കടമെടുത്താൽ 'പൗർണ്ണമിക്കുള്ള പൂർണ്ണതയാണ്' ആറ്റൂരിന്റെ കവിത നേടിയെടുത്തത്.

എം.ഗോവിന്ദനായിരുന്നു ആറ്റൂരിന്റെ മാനസഗുരു. ഭാഷക്ക് വളരെ പ്രാധാന്യം കൊടുക്കുന്ന ആറ്റൂരിന്റെ സ്വഭാവം ഈ സ്വാധീനത്തിൽനിന്ന് കിട്ടിയതാകണം.

'മീനച്ചിലാറിന്നറിയില്ല
നീന്തൽക്കുളം പോലൊരുങ്ങാനും
തണ്ണീർക്കുഴലായ് മെരുങ്ങാനും'

എന്ന് തുടങ്ങുന്ന എം.ഗോവിന്ദനെക്കുറിച്ചുള്ള ആറ്റൂരിന്റെ കവിത ധ്വനിസുന്ദരമായത് ഈ രചനാരീതി കൊണ്ടാണ്. 'ഭാഷയും ഞാനും തമ്മിലുള്ള തർക്കത്തിൽ നിന്നും നർമ്മത്തിൽനിന്നും ചങ്ങാത്തത്തിൽനിന്നും ഉണ്ടാവുന്നതെന്തോ അത് എന്റെ കവിത' എന്ന് പറയുവാൻ ആറ്റൂരിന് മാത്രമേ കഴിയൂ. കാരണം അത് എം.ഗോവിന്ദന്റെ കളരിയിൽ ചിട്ടപ്പെടുത്തിയതാണ്.

പാടിനടക്കാവുന്ന ലളിതതാളങ്ങളെ ഒഴിവാക്കുന്നുണ്ടെങ്കിലും ആറ്റൂരിന്റെ കവിത താളബന്ധം തന്നെയാണ്. വൃത്തബദ്ധമായി എഴുതുമ്പോൾപോലും അതിൽ തന്റേതായ അഴിച്ചുപണി നടത്താറുമുണ്ട്. വാക്കുകളിൽ മാത്രമല്ല മനനത്തിലും അർദ്ധവിരാമത്തിലും എല്ലാം ഭാഷയുടെ താളമുണ്ട് എന്ന് ഈ കവി കരുതുന്നു.

സ്ത്രീ പുരുഷ ബന്ധത്തിന്റെ കാല്പനികത കലർന്ന എന്നാൽ യാഥാർഥ്യബോധത്തിന് പ്രാധാന്യമുള്ള കവിതയാണ് ആറ്റൂരിന്റെ കവിതകളിൽ ഒറ്റപ്പെട്ടുനിൽക്കുന്ന വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാട'ത്തോട് ചേർത്തുവായിക്കാവുന്ന കവിതയാണിത്. കുടുംബജീവിതത്തിലെ, സ്ത്രീപുരുഷബന്ധത്തിലെ, സൗന്ദര്യവും വൈരസ്യവും നിർവൃതിയും വേദനയും ഈ കവിതകളിൽ ഇടകലർന്ന് നിറയുന്നു. ജീവിതമാകുന്ന കണ്ണീർപ്പാടത്തിന്റെ കഥപറയുന്ന വൈലോപ്പിള്ളിയിൽനിന്ന് വ്യത്യസ്തമായി യാഥാർഥ്യബോധത്തോടെ, പ്രസാദോജ്ജ്വലമായി, ജീവിതത്തെ സമീപിക്കുന്ന ആറ്റൂർ ജീവിതത്തെക്കുറിച്ചുള്ള തന്റെ ദർശനമാണ് വ്യക്തമാക്കുന്നത്. വിഷാദത്തിന്റെ നേരിയൊരകമ്പടിയോടെ, ഗൃഹാതുരതയുടെ സുഖകരമായ വേദനയോടെ, ആർദ്രതപൂർണ്ണമായി നമ്മുടെ ഹൃദയത്തിലേക്കിറക്കുന്നതാണ് 'നഗരത്തിൽ ഒരു യക്ഷൻ' എന്ന കവിത.

'മാഞ്ഞൂ പൂതുമ; വിവാഹിതയാം മുമ്പു
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും'

എന്ന് ശോകാർദ്രമായി തുടങ്ങിയ കവിത

'പോയ മധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്ക് നിന്നോടെടോ'

എന്ന് പൂർത്തിയാകുന്നത് നമ്മുടെ മനസ്സിലാണെന്നതാണ് സത്യം.

സത്യാന്വേഷണവും സ്വത്വസംഘർഷവും പലപ്പോഴും ഈ കവിയുടെ മനസ്സിന്റെ വിഹ്വലതകളെ വർധിപ്പിച്ചു. പേടി, അവൻ ഞാനല്ലോ, അർക്കം തുടങ്ങിയ കവി

തകളിൽ ഇതു ദൃശ്യമാണ്. ഉള്ളിലെ ഭീതിയെ വാക്കുകൾകൊണ്ട് പുറത്തുചാടിക്കുന്ന ഉച്ചാടന കർമ്മമായി കവിതയെഴുത്തിനെ കാണുന്ന ആറ്റൂർ ഇങ്ങിനെ ചെയ്യുന്നതിലൂടെ മനസ്സിന്റെ ബാധയൊഴിഞ്ഞുപോയെന്ന് കാവ്യാത്മകമായി വിശ്വസിക്കുന്നു. നാല്പതുകഴിഞ്ഞാൽ പഞ്ചാരപ്പായസം പണ്ടേക്കാൾ മധുരിക്കുമെന്ന് കണ്ടെത്തിയ ഈ കവിക്ക്

'ഹേ കുഞ്ഞേ! താങ്കൾക്കൊറ്റക്കാലൂന്നി
ചൊടികളിലോടക്കുഴലൂതീടുമ്പൊഴോ
നിവേദ്യപ്പാൽപ്പായസമൂതിക്കുടിക്കുമ്പോഴോ
കൂടുതൽ സ്വാദുണ്ടായ്..." എന്ന് ചോദിക്കാനും മടിയില്ല. അപ്പോഴും കവി അന്തരാത്മാവിൽ മന്ത്രിക്കുന്നത് 'ചോദ്യങ്ങളെല്ലാം സ്വയം ചോദിക്കേണ്ടവയാണെ'ന്നാണ്. 'ക്യാൻസർ' എന്ന കവിതയിൽ 'ചോദ്യങ്ങളെല്ലാം ചോർന്നുപോയിരുന്നു' എന്ന് കവി സങ്കടപ്പെടുന്നു. ചോദ്യങ്ങളുടെ കുരുക്കിൽ കവി സ്വയം കയറിപ്പറ്റുന്നുവോ എന്ന് കൂടി സംശയിക്കണം, ചോദ്യങ്ങൾക്കും ചോദ്യചിഹ്നങ്ങൾക്കും ഉത്തരങ്ങൾക്കും ഇടയിൽ പിടഞ്ഞുപോവുന്ന മനുഷ്യൻ ആറ്റൂരിന്റെ ജീവിതവിസ്മയങ്ങളിൽ ഒന്നാവുന്നത് അതുകൊണ്ടാണ്.

ആറ്റൂർ രവിവർമ്മയുടെ കവിതകളിൽ ഏറ്റവും ശ്രദ്ധേയമായത് 'മേഘരൂപനാണ്'. ചൊൽക്കാഴ്ചകളിലൂടെ അത് സഹൃദയരുടെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടിയിരിക്കുന്നു. ചില കവിതകൾ എഴുത്തുകാരന്റെ കാവ്യജീവിതത്തിന്റെ വ്യാഖ്യാനമോ നിർവ്വചനമോ ആയി മാറുന്നു. അത്തരമൊരു കവിതയാണ് 'മേഘരൂപൻ'. ഒരു പുരുഷായുസ്സ് മുഴുവൻ നിത്യകന്യകയെത്തേടി അലഞ്ഞ, തെറ്റും ശരിയും ആയ ഒരുപാട് ധാരണകളെ മലയാളിയുടെ മനസ്സിൽ ഉല്പാദിപ്പിച്ച, പി.കുഞ്ഞിരാമൻ നായരെകുറിച്ച് എഴുതിയ കവിതയാണിത്. എന്നാൽ ഇതിലൂടെ കടന്നുപോകുമ്പോൾ സഹൃദയന്റെ മനസ്സിൽ തെളിയുന്നത് പി. മാത്രമല്ല ആറ്റൂർ രവിവർമ്മ എന്ന കവിയുടെ സ്വത്വം കൂടിയാണ്. മേഘരൂപനിൽ ഒരിടത്തുപോലും പി.യുടെ പേര് പറയുന്നില്ല. എന്നിട്ടും അതിലെ വാക്കുകളിലും ബിംബങ്ങളിലും ആ വലിയകവിയുടെ പ്രകാശം വിളങ്ങിനിൽക്കുന്നത് നാമറിയുന്നു. ധ്വനിയാണ് കവിതയെന്ന ആനന്ദവർദ്ധനമതം ആറ്റൂരിന്റെ കവിതകളിൽ സഫലമാകുന്നതിന്റെ ഏറ്റവും വലിയ അടയാളമാണ് 'മേഘരൂപൻ'.

സഹ്യനേക്കാൾ തലപ്പൊക്കമുള്ള, നിളയേക്കാൾ ആർദ്രതയുള്ള കവിക്ക് എഴുതുവാൻ ഭാരതപ്പുഴ മണൽ വിരിക്കുമ്പോൾ ആകാശം വർണ്ണപുസ്തകം നിവർത്തുന്നു എന്നും തിരുവാതിരകൾ മഞ്ഞുകുപ്പായം തുന്നുന്നു എന്നും സങ്കല്പിക്കുമ്പോൾ ആറ്റൂർ പി.യുടെ ഓർമ്മകളോട് കൂറ് പ്രഖ്യാപിക്കുകയാണ്. ആറ്റൂരിന്റെ കാവ്യദർശനത്തിലേക്ക് തന്നെ വളരുന്ന ഒരു ഭാവപ്രവണ്യമാണ് മേഘരൂപനിലേത്. പുതിയ ലോകത്തിന്റെ ദൂരന്തങ്ങളെയും അവിശുദ്ധികളെയും പൂർവ്വപുണ്യത്തിന്റെ നീർക്കയങ്ങളിൽ മുങ്ങിക്കിടന്ന് പ്രതിരോധിക്കാമെന്ന് ഈ കവി കരുതുന്നു. സർവ്വനാശത്തിന്റെ പുതുയുഗത്തെ പാരമ്പര്യത്തിന്റെ ശക്തികൊണ്ട് നേരിടാമെന്ന് വിശ്വസിക്കുന്നു. "ഞാൻ വളരെ കുറച്ചു മാത്രമേ എഴുതിയിട്ടുള്ളൂ. വിഷം പോലെയും മരുന്നുപോലെയും ആണ് എന്റെ എഴുത്ത്. സദ്യപോലെയല്ല. എന്നിട്ടും അത് സ്വീകരിക്കപ്പെടുന്നു എന്നതിൽ സന്തോഷമുണ്ട്." എന്ന് സാത്വിക വിശുദ്ധിയോടെ പറയുന്ന ആറ്റൂർ രവിവർമ്മ കാളിദാസ പാരമ്പര്യത്തിൽനിന്നുകൊണ്ട് കവിതയെഴുതിയ ആളാണ്. ഒരു സാധാരണ മനുഷ്യനായി മാത്രം സ്വയം വിലയിരുത്തുന്ന ആറ്റൂർ രവിവർമ്മക്ക് മലയാളിസഹൃദയൻ നൽകുന്നത് മലയാള കാവ്യലോകത്തെ ഒറ്റയാന്റെ പരിവേഷമാണ്. ആറ്റൂർരവിവർമ്മയുടെ കവിതകളുടെ ആമുഖത്തിൽ കെ.ഡി.നാരായണൻ എഴുതി "ഒരു തിടമ്പിനും കുനിക്കാത്ത ശിരസ്സോടെ, ഒരു ക്ഷയത്തിലും പതിക്കാത്ത മനസ്സോടെ, തന്റെ അനുഭവങ്ങളുടെ നേർവര പിടിച്ചുള്ള സഞ്ചാരം. നേരിന്റെയും ശ്രദ്ധയുടെയും സൂക്ഷ്മതയുടെയും ആയ ഈ സഞ്ചാരത്തിൽ അദ്ദേഹം രചിച്ച കവിതകളുടെ എണ്ണം കുറവാണ്. എങ്കിലും അവയുടെ ഈട് സംശയാതീതമാണ്." അതുകൊണ്ടാണല്ലോ, ആറ്റൂർ രവിവർമ്മ എന്ന കവി സഹ്യനേക്കാൾ തലപ്പൊക്കത്തിൽ മലയാളിയുടെ മനസ്സിൽ ജ്വലിച്ചുനിൽക്കുന്നത്.



# ടൈം ട്രാവൽ സാധ്യമാണോ?

**അ**തിനു മുന്നേഎന്താണ് സമയം? സമയ യാത്ര മുന്നോട്ടും പുറകോട്ടും സാധ്യമാണോ? നൂറ്റാണ്ടുകളായി, ഈ ചോദ്യങ്ങൾ തത്ത്വചിന്തകരെയും ശാസ്ത്രജ്ഞരെയും കൗതുകപ്പെടുത്തിയിട്ടുണ്ട്. എന്നെന്നും നിഗൂഢതയുടെ കൊടുമുടിയിൽ തിളങ്ങുന്ന ആശയങ്ങളിൽ പുരാതന ഗ്രീക്ക്, ഇന്ത്യൻ, ഇജിപ്തഷ്യൻ സംസ്കാരങ്ങളടക്കം തത്ത്വചിന്തകളിലും മറ്റൊരു ലോകം, നിത്യത, ടൈം ട്രാവൽ എന്ന ആശയങ്ങൾ ഒരേപോലെ കാണപ്പെടുന്നു. അങ്ങനെയുള്ള സഞ്ചാരികളെ അന്യഗ്രഹ ജീവികളെ കണ്ടതിനു സമാനമായ ചിത്രങ്ങളും ചിഹനങ്ങളും കാണപ്പെടുന്നു. ലോകത്തിലെ എല്ലാ മതങ്ങളുടെയും സംസ്കാരങ്ങളുടെയും കേന്ദ്ര വിഷയം സമയമാണ്.

നമ്മുടെ മസ്തിഷ്കബുദ്ധിക്കു സമയത്തിന്റെയും സ്ഥലത്തിന്റെയും പല നിഗൂഢതകളും മനസ്സിലാക്കാൻ സാധിക്കില്ല. ഒരു ആകാശ തൊട്ടിയുടെ കറക്കത്തിൽ ഒരാൾ കറക്കി എറിഞ്ഞ മാറിമറിയാവുന്ന സ്ഥലകാല ബോധമേ മനുഷ്യന് ഉള്ളു. അതായതു സ്ഥലകാല ബോധം എന്നത് തന്നെ ഒരു ബ്രെയിൻ ഫങ്ക്ഷൻ ആണ് ഒരു ഇന്ദ്രിയാ ബോധത്തിനു അപ്പുറം അതിനു ഒരു പ്രാധാന്യവും പ്രഞ്ചത്തിന്റെ വീക്ഷണകോണിൽ ഇല്ല. അത്തരം മസ്തിഷ്ക ബോധം വെച്ചു പ്രപഞ്ചത്തെയൊ പ്രപഞ്ചരഹസ്യങ്ങളെയോ അളക്കാൻ ആവില്ല.



ദിനു ദിലീപ്

നാം കാണുന്ന ലോകത്തിന്റെ രൂപം നമ്മുടെ ചലനാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു എന്നതാണു ആപേക്ഷികത സിദ്ധാന്തം. പ്രപഞ്ചത്തിന്റെ അടിസ്ഥാന കണങ്ങൾ മുതൽ സർവ്വ പ്രപഞ്ചം ചലിച്ചുകൊണ്ടിരിക്കുന്നു, ചലനം അതു മാത്രമാണ് സത്യം. ആപേക്ഷികത സിദ്ധാന്തം അനുസരിച്ചു പ്രകാശവേഗതയൊ അതിനോട് അടുത്ത വേഗതയിലോ സഞ്ചരിക്കുന്ന ഗ്രഹങ്ങളിലോ വാഹനങ്ങളിലോ ടൈം മറ്റൊരു തലത്തെ അപേക്ഷിച്ച് കുറയുകയോ, ഫ്രീസ് ആകുകയോ ചെയ്യുന്നു. അതായതു അവിടെ സമയം ചലിക്കില്ല ചലിച്ച തന്നെ വേഗത കാ

ണില്ല. ഉയർന്ന വേഗതയിൽ സഞ്ചരിക്കുന്ന ഒരു വസ്തു ഒരു നിശ്ചല വസ്തുവിനേക്കാൾ സാവധാനത്തിൽ ചലിക്കുന്നു അല്ലെ പ്രായമാകുന്നു. അതായതു പ്രകാശവേഗതയോട് ഉയർന്ന വേഗതയിൽ  നിങ്ങൾ ബഹിരാകാശത്തേക്ക് സഞ്ചരിച്ച് മടങ്ങുകയാണെങ്കിൽ,നിങ്ങൾക്ക് ഭൂമിയുടെ ഭാവിയിലേക്ക് ആയിരക്കണക്കിന് വർഷങ്ങൾ സഞ്ചരിച്ചു ആയിരിക്കും എത്തുക.

സയന്റിസ്റ്റുകൾ ഭൂമിയിലും ബഹിരാകാശത്തിലും നടത്തിയ പരീക്ഷണങ്ങളിൽ അവ തെളിയിക്കപെട്ടിട്ടുണ്ട്. ഒരേ ടൈം സെറ്റ് ചെയ്തു വിക്ഷേപിക്കുന്ന ഉപഗ്രങ്ങളുടെയും ഭൂമിയിലുള്ള ക്ലോക്കുകളുടെയും സമയം സെക്കന്റുകളും മിനുട്ടുകളും അവയുടെ ഭ്രമണ വേഗത അനുസരിച്ചു മാറുന്നു.സംഭവിക്കാവുന്ന സമയകുറവ് കണക്കു കൂട്ടി ഭൂമിയിലെ ക്ലോക്കുമായി  അതിനു ആനുപതികമായി ക്രമീകരിക്കുന്നു. അങ്ങനെ ക്രമീകരണം സാധിക്കുമായിരിന്നില്ല എങ്കിൽ നാവിഗേഷൻ ആപ്പുകളിൽ ഏജട ലൊക്കേഷൻ കണക്കു കൂട്ടി കാണുന്ന സമയത്തു നമ്മുടെ ലൊക്കേഷൻ മറ്റോടിടത്തു ആയിരിക്കും.

ഭൂമിയിൽ നിന്നോ നമ്മുടെ ഗാലക്സിയിൽ നിന്നോ വലിയ ആസ്ട്രോണമി അകലത്തിൽ വലിയ പ്രവേഗത്തിൽ സഞ്ചരിക്കുന്ന ഗ്രഹങ്ങളിലോ ഗാലക്സികളിലോ ഉള്ള ജീവികളുടെ നിമിഷങ്ങൾ ഭൂമിയിലെ അനേക വർഷങ്ങൾ, യുഗങ്ങൾ ആകാം. അതായതു അത്തരം സ്പീഡ് ഉള്ള ലോകത്തു ജീവിക്കുന്ന അന്യഗ്രഹജീവികളുടെ ഒരു കണ്ണു ചിമ്മൽ പോലും നമ്മുടെ ഒരു കാല ചക്രമാകാം.

100 സാ സ്പീഡിൽ പോകുന്ന വണ്ടിയിൽ നിർത്താതെ കയറിപ്പറ്റാൻ ആ വാഹനത്തെക്കാൾ സ്പീഡിൽ ചലിച്ചു മാത്രമേ സാധിക്കൂ.ഒരേ വേഗതയിൽ എത്തുമ്പോൾ സ്പേസ് ടൈം ഒന്നാകുന്നു. ഇരു വാഹനത്തിന്റെയും വേഗത ഒന്നായാൽ സ്പേസ് ടൈമിൽ ഒരു മുറിയിൽ നിന്നും ഡോർ തുറന്നു മറ്റൊരു മുറിയിൽ കയറും പോലെ നമുക്ക് ചലനബോധം അറിയാതെ കയറാൻ സാധിക്കുന്നു. 1,674 സാ/വ്യ ആണ് ഭൂമിയുടെ ഭ്രമണ വേഗത. പക്ഷെ നമ്മൾ അതു അറിയുന്നു പോലുമില്ല. കാരണം നമ്മൾ ഭൂമിക്കു ഉള്ളിലെ ഒരേ സ്പേസ് ടൈം ആണ്. ഓടുന്ന ട്രെയിനിൽ സ്ഥലകാലം ബാധികാതെ ജീവിതം സാധ്യമാകുന്നത് പോലെ. ഭൂമിയിലെ സ്പേസ് ടൈം ഇൽ പ്രാദേശിക സ്പേസ് ടൈം ഉണ്ട്. അവിടെ ആണ് നമ്മുടെ സഞ്ചാര വേഗത സ്ഥല കാലം നിലനിൽക്കുന്നത്. അതെ പോലെ ഗാലക്സികൾക്കും സർവ്വ പ്രപഞ്ചത്തിനും ഉണ്ട്. ബഹിരാകാശ വാഹന റീ എൻട്രി ഒകെ ഇതേ പോലെ കണക്കു കൂട്ടി വേഗത ക്രമീകരിച്ചു ഭൂമിയുടെ ഭ്രമണ വേഗതയോട് സ്ഥല കാല സാമ്യത വരുത്തിയാണ് നടത്താറ്.മനുഷ്യന്റെ മാക്സിമം സ്പീഡ് ആയ സൂപ്പർ സോണിക് സ്പീഡിൽ പോലും നമുക്കു സഞ്ചരിക്കാൻ സാധിക്കുന്നത് സാങ്കേതികമായി ഒരുപാട് സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചും അനേക കടമ്പകൾ കടന്നുമാണ് .സാധാരണക്കാർക്ക് അപ്രാപ്യമായ സ്പീഡ് അണ് അവയൊക്കെയും.യാത്ര വിമാനങ്ങളുടെ ആവറേജ് സ്പീഡ് 800–900/വ്യ ആണ്. ഭൗമ ഉപരിതലത്തിൽ വാഹനങ്ങളുടെ 100–200/വ്യ ൠ. നമ്മളെക്കാൾ സങ്കേതികത ഉള്ള സ്പീഡ് ഉള്ള ലോകത്തു ജീവിക്കുന്ന സഞ്ചരിക്കുന്ന ജീവികൾ ഉറപ്പായും കാണും.

മനുഷ്യന്റെ വിദൂര പ്രപഞ്ചം കാണുവാൻ അറിയുവാൻ ഉള്ള സാങ്കേതികതയുടെ ദൂര പരുധി വെച്ചു അവൻ പ്രപഞ്ച അതിരു കണക്കാക്കുന്നു അളക്കുന്നു. പ്രകാശ വേഗതയിൽ കൂടുതൽ വേഗതയിൽ കൂടിയ ഒരു വേഗത പ്രപഞ്ചത്തിൽ സാധ്യമല്ല എന്നു ആപേക്ഷിക സിദ്ധാന്തം പറയുമ്പോളും മനുഷ്യൻ ഇതുവരെ കണ്ടെത്തിയ പ്രപഞ്ച അതിരു പോലും ചെറിയ ദൂരമായി താണ്ടാൻ കഴിവുള്ള അന്യഗ്രഹ ജീവികൾ കാണില്ല എന്നോ നമ്മുടെ സ്ഥലകാലത്തിനു മുന്നിലുള്ള മറ്റൊരു പാരരൽ പ്രഞ്ചത്തിൽ നിന്നും നമ്മുടെ സ്ഥലകാലത്തു വന്നു പോയികൂടാഴിക ഇല്ലെന്നോ ശഠിക്കാൻ ആവില്ല. ഉറുമ്പോ ആമയോ സഞ്ചരിക്കുന്ന ദൂരമോ വേഗതയോ സ്ഥല കാലമോ ആണോ മനുഷ്യന്റെ? ഇതുവരെ ഉള്ള സിദ്ധാന്തങ്ങളെ ബലാ ബല നിയമങ്ങളെ തള്ളുകയോ കൂടി ചേർക്കുകയോ ചെയ്യാവുന്ന സിദ്ധാന്തങ്ങൾ വന്നു കൂടായ്ക ഇല്ല. നിലവിള്ള നാലു അടിസ്ഥാന ശക്തികളുടെ കൂടെ പുതിയവ ഇനിയും  കണ്ടെത്തിയേക്കാം.

സ്ഥല കാലത്തിൽ നിയന്ത്രണം ലഭി

ക്കാൻ സയന്റിസ്റ്റുകൾ എന്നും പ്രയത്നത്തിലാണ്.ഒരേസമയം സ്ഥലത്തെയും കാലത്തെയും വളയ്ക്കാനായ ചെറിയ സമയത്തു അതിക ദൂരം സാധ്യമാണ്. ആഹമരസ വീഹല,ഠീൃാവീഹല, ഠവശലേവീഹല അവ തമ്മിൽ തമ്മിൽ ഉള്ള ഇടനാഴികൾ സ്ഥലകാലത്തെ വളയ്ക്കുമെന്ന് ആപേക്ഷിക സിദ്ധാന്തം ഉറപ്പിക്കുന്നു. ബ്ലാക്ക് ഹോളിൽ എത്തപെടുന്ന പ്രകാശം അതി തീവ്ര ഗ്രാവിറ്റി കാരണം പുറത്തു കടക്കുന്നില്ല എന്നതിനാൽ ആണ് ബ്ലാക്ക് ഹോൾ കണ്ടെത്താൻ ആകാഞ്ഞതും ആ നാമകരണം ചെയ്യപ്പെട്ടതും. എന്നാൽ യഥാർത്ഥത്തിൽ ബ്ലാക്ക് ഹോളിൽ സ്ഥലകാലം വളയുന്നതിനാൽ പ്രകാശം സ്ഥലത്തിന്റെ വളവിൽ സഞ്ചാരിക്കേണ്ടി വരുന്നു.ആയതിനാൽ അവയുടെ പ്രതിഫലനം ലഭിക്കില്ല. സ്ഥലകാല വക്രതയിൽ വളഞ്ഞു പോകുന്ന പ്രകാശം മറ്റൊരിടത്തു എത്തപെടുന്നു.

ഒരു മരണക്കിണറിൽ സഞ്ചരിക്കുന്ന ബൈക്ക് എപ്പോളും നേർ രേഖയിൽ തന്നെയാണ്. വളഞ്ഞു പോകുന്നത് സ്ഥലത്തിന്റെ വക്രതമൂലമാണ്. അതേ പോലെ പ്രകാശവും വളഞ്ഞു മറ്റൊരു സ്ഥലത്തു എത്തപെടുന്നു. അവയെ റീഫ്ലക്ട് ചെയ്തു കിട്ടാത്തതിനാൽ ബ്ലാക്ക് ഹോൾ ഇരുണ്ടു കാണുന്നു. ഇതുതന്നെ ഠീൃാവീഹല ിലും സംഭവിക്കുന്നു. ഠീൃാവീഹല നിന്നും മറ്റൊരു ഠീൃാവീഹല ലേക്ക് ഉള്ള ഇടനാഴി അദൃശ്യവും നിഗൂഢവുമാണ്. സ്ഥലകാലത്തെ വളയ്ക്കുന്ന ഒരു ഠീൃാവീഹല ന്റെ മുഖം തുറക്കുന്നത് അവസാനിക്കുന്നത് ഒരേ ഗാലക്സിയിലോ മറ്റൊരു ഗാലക്സിയിലോ ഗ്രഹത്തിലോ,മൾട്ടി യൂണിവേഴ്സിലോ,പാരലൽ യൂണിവേഴ്സിലോ ആവാം.

വൈറ്റ്ഹോൾ എന്നത് ബ്ലാക്ക്ഹോളിനു എതിരായ പ്രവർത്തനമാണ്

വൈറ്റ്ഹോളിൽ ഒരു വസ്തുവിനും കടക്കാൻ ആവില്ല എടുത്തെറിയപ്പെടും എടുത്തെറിയുന്നത് മറ്റൊരു സ്ഥലകാലത്തു ആവാം. ഏണിയും പാമ്പും കളത്തിലെ ഏണിയുടെയും പാമ്പിന്റെയും ധർമ്മം അവിടെ നമുക്ക് വിജിത്രമാണ് ആ കളിയിലെ നീക്കങ്ങൾക്കും നിയമങ്ങൾക്കും അദൃശ്യമായി പ്രവാചനാതീതമാണ് അവയുടെ ധർമ്മം. ജലാശയ ആകാശ ചുഴികൾ ഒരു എൻഡിൽ നിന്നും മറ്റൊരു എൻഡിൽ അകപ്പെടുന്ന വസ്തു എത്തിക്കും. അതേ പോലെ പ്രപഞ്ചത്തിൽ ഠീൃാവീഹല,വൈറ്റ്ഹോളുകൾ, ബ്ലാക്ക് ഹോളുകൾ പ്രവർത്തിക്കുന്നു.

ഗണിത ശാസ്ത്രീയ തെളിവുകളും പ്രഞ്ചത്തിൽ വൈറ്റ്ഹോളിന്റെയും ബ്ലാക്ക്ഹോളന്റെയും ഠീൃാവീഹല ന്റെയും നിലനിൽപ് സാമീപ്യം കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ നിയന്ത്രണം സാധ്യമായ ഇവയെ താത്കാലികമായി സൃഷ്ടിക്കാൻ സാധ്യമായ,ഇവയുടെ സാന്നിധ്യം അറിയാൻ ആയ അവിടെ എത്തപ്പെടാൻ ആയൽ ടൈം ട്രാവൽ സാധ്യമാണ്. അവയിൽ നിയന്ത്രണം ഉള്ള ഒരു അന്യഗ്രഹ ജീവിക്കു ഭൂമിയിൽ വൈറ്റ് ഹോൾ,ഠീൃാവീഹല എൻട്രി,എക്സിറ്റ് സൃഷ്ടിച്ചു കൊണ്ടു വന്നു പോകാൻ കഴിയും. അത്തരം അദൃശ്യ വാതിലുകൾ ഭൂമിയിലും സർവ പ്രപഞ്ചത്തിലും കാണാം. അവ കൃത്രിമമായി സൃഷ്ടിക്കുന്നവരും.സ്ഥലകാലം അവർക്കു നമ്മൾ ഏജട ഇട്ടു യാത്ര ചെയ്യും പോലെ ലളിതവുമായിരിക്കും.അത്തരം ആൾകാർ ഭൂമിയിൽ വന്നു പോകുന്നുണ്ടാവാം നമുക്കിടയിൽ ചിലപ്പോൾ കാലങ്ങൾ താണ്ടി മറ്റൊരു സ്ഥലകാലത്തു നിന്നും കടന്നു വന്നു പോണവർ കാണാം. പക്ഷെ അത്തരം പ്രതിഭാസങ്ങൾ തിരിച്ചറിയാനുള്ള സാങ്കേതികതായോ അറിവോ നമുക്കില്ലാത്തിടത്തോളം ഇവയൊക്കെയും വിജിത്ര ചിന്തകളും കല്പനകളും ആശാസ്ത്രീയതയും കൗതുകവും മാത്രമായി തുടരും.നിലവിലെ പഠനത്തിൽ ഇത്തരം സാഹചര്യത്തിൽ മനുഷ്യ സാങ്കേതികതയ്ക്കു എത്തുവാനോ എത്തിയ പോലും അവയിൽ പ്രവേശിക്കുവാനോ സാധ്യമല്ല.പ്രവചനാദീതമായ ശക്തിയും അപകടകരമായ റേഡിയേഷനുകളും അത്തരം കവാടങ്ങളിൽ കാണപ്പെടാം എന്നു വിലയിരുത്തപ്പെടുന്നു.

നാം ജ്യോതിശാസ്ത്ര കാലഘട്ടത്തിലെ ഒരു നിമിഷത്തിലാവം ഭൂമിയുടെ ക്ഷണികമായ അതിഥിയാവാം. സമയം യഥാർത്ഥമാണോ? അത് ഒരു ദിശയിൽ മാത്രമാണോ ഒഴുകുന്നത്? അതിന് തുടക്കമോ അവസാനമോ ഉണ്ടോ? എന്താണ് നിത്യത? തെളിവുകളുടെ പരിമിതികളിൽ നിന്നുകൊണ്ട് ഈ ചോദ്യങ്ങൾക്കൊന്നും നിലവിൽ പൂർണമായും ഏകകണ്ഠമായി ശാസ്ത്രജ്ഞർക്ക് സംതൃപ്തി നൽകുന്ന ഉത്തരം നൽകാൻ കഴിയില്ല.

●

# ജലച്ഛായചിത്രങ്ങൾ



ദിവ്യ സി. ആർ.

അന്നെനിക്ക് ഏഴോ എട്ടോ വയസ്സാണ്. അയൽക്കാർ കുട്ടികൾക്കൊപ്പം കളിക്കുന്നതിനിടയിൽ വഴക്കായി. അടിപിടിയായി. അന്നേരമാണ് ഞാൻ ഒരു അനാഥൻ ആണെന്നും എന്റെ അച്ഛനും അമ്മയും എന്നെ ദത്തെടുത്തതാണെന്നും അറിയുന്നത്. അന്നത്തെ ദിവസം വീട്ടിലെത്തിയ ഞാൻ ആരോടും മിണ്ടിയില്ല. ഭക്ഷണവും കഴിച്ചില്ല. അച്ഛനും അമ്മയും നിർബന്ധിച്ചിട്ടും മറുപടിയൊന്നും പറഞ്ഞതുമില്ല.

'അപ്പുറത്തെ പിള്ളേരുമായി വഴക്കിട്ടിരിക്കും. ഇനി അവനെ കളിക്കാനൊന്നും വിടരുത്.'

ഞാൻ ഉറക്കത്തിലാണെന്ന് കരുതി അച്ഛൻ അമ്മയോട് പറഞ്ഞു.

അമ്മ എന്നെ കൂടുതൽ ചേർത്തുപിടിച്ച് നെറുകയിൽ മുത്തം നൽകി കെട്ടിപ്പിടിച്ചു കിടന്നു. അമ്മയുടെ സ്നേഹം കണ്ട് രാത്രി എന്റെ കണ്ണിൽ നിന്നും മറ്റാരും കാണാതെ കണ്ണുനീർ ഒഴുകി.

' ഇല്ല.. അവർ വെറുതെ പറഞ്ഞതാണ്.. ഇതെന്റെ അച്ഛനും അമ്മയും തന്നെയാണ്. അവന്മാർ ജയം കിട്ടാൻ വേണ്ടി നുണ പറഞ്ഞതാണ്. അമ്മയെ മുറുകെപ്പിടിച്ച് സുരക്ഷിതത്വത്തിൽ ഞാനും ഉറങ്ങി.

വളരുംതോറും അവിടുന്നും ഇവിടുന്നും മുള്ളും മുനയുമുള്ള സംസാരങ്ങൾ കേട്ടുകൊണ്ടേയിരുന്നു. കേട്ടതൊന്നും സത്യമല്ലെന്നും അവരൊക്കെയും തന്നോടുള്ള അസൂയ മൂത്ത് പറയുകയാണെന്നും സ്വയം വിശ്വസിക്കാൻ ശ്രമിച്ച് ബാല്യത്തിലെ ചിന്തകളുടെ മുള നുള്ളി. ഭക്തിയേക്കാൾ യുക്തി ചിന്താഭാരത്തെ നിയന്ത്രിക്കുവാൻ തുടങ്ങിയപ്പോൾ പലരും പറയുന്നതിൽ എന്തൊക്കെയോ സത്യമുണ്ടെന്ന് തോന്നി. അച്ഛനും അമ്മയും എനിക്ക് നൽകിപ്പോരുന്ന സ്നേഹവും സംരക്ഷണവും അവരോട് ഇത്തരം കാര്യങ്ങൾ ചോദിക്കുവാനുള്ള വൈമനസ്യം കൂടുതൽ കൂടുതൽ ദൃഢതയോടെ എന്റെ മനസ്സിനെ ഭരിച്ചുകൊണ്ടേയിരുന്നു.!



പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞുള്ള വിനോദയാത്രയ്ക്കായി ഞങ്ങൾ കുടുംബ സമേതം പോകാൻ നിശ്ചയിച്ചിരിക്കുന്ന അവസരത്തിലാണ് അമ്മ ഗർഭിണിയാണെന്ന് വിവരമറിഞ്ഞത്. ബന്ധുക്കളും സ്നേഹിതരും വളരെയധികം സന്തോഷത്തോടെ ആ വാർത്ത ആഘോഷിച്ചും അച്ഛനും അമ്മയും എത്രത്തോളം എന്ന് ചേർത്തു പിടിച്ചിട്ടും അവരിൽ നിന്നും ഞാൻ മാനസികമായി അകന്നതല്ലാതെ അവർക്കൊപ്പം ചേർന്ന് നിൽക്കാൻ എനിക്ക് കഴിഞ്ഞതേയില്ല. പണ്ട് കൂട്ടുകാർ കളിയാക്കിയതും നാട്ടുകാരുടെ അനാഥനായിട്ടുള്ള സഹതാപവും അനുദിനം വളർന്ന് എന്നിലെ അപകർഷതാബോധത്തെ ഇരട്ടിയാക്കി. പ്രസവം കഴിഞ്ഞ് അമ്മയും കുഞ്ഞും വീട്ടിലെത്തുമ്പോൾ അച്ഛൻ വളരെയധികം സന്തോഷവാനായി:

‘ നോക്കു മോനെ..‘

‘ വാവ നിന്നെ തന്നെ നോക്കുന്നു. ചേട്ടനെ നോക്കി പുഞ്ചിരിക്കുന്നു.‘

ഞാനും സൂക്ഷിച്ചുനോക്കി.

’ ശരിയാണ്. കുഞ്ഞു കണ്ണുകൾ കൗതുകത്തോടെ തുറന്നു അവൾ പുഞ്ചിരിച്ചു. മുറുക്കിപ്പിടിച്ച കൈത്തലം തുറന്ന് എന്റെ വിരലുകൾ മുറുകെപ്പിടിച്ചു. അതുവരെ കാണാത്ത ഒരിക്കലും പിറക്കരുതെന്ന് ആഗ്രഹിച്ച ആ കുഞ്ഞിനെ കൈകൊണ്ട് ചേർത്തു പിടിക്കുമ്പോൾ അതുവരെ ഉണ്ടായിരുന്ന അപകർഷതാബോധവും സങ്കടവും നിരാശയുമൊക്കെ മാറി മനസ്സ് വീണ്ടും സന്തോഷത്തിന്റെ തെളിനീർ പുഴയായി.

അന്ന് രാത്രി ഞാൻ പഠിച്ചുകൊണ്ട് മുറിയിൽ ഇരിക്കുമ്പോൾ അച്ഛൻ അരികിലെത്തി എന്റെ പുസ്തകത്താളുകൾ മറിച്ചു നോക്കി കിടക്കയിലെ ബെഡ്ഷീറ്റ് ഒന്നു കൂടി കുടഞ്ഞുവിരിച്ച് അതിലേക്ക് ഇരുന്നു.

‘ എന്താ അച്ഛാ..‘

‘മോനെ.. നമുക്ക് ഈ നാട് ഉപേക്ഷിച്ചു പോകാം !‘

‘എന്താ അച്ഛാ പെട്ടെന്ന്..‘

‘ ഒന്നുമില്ല. അച്ഛന് ഈ നാട്ടിൽ ജീവിക്കാൻ തോന്നുന്നില്ല. നമ്മളെ അറിയാത്ത മറ്റൊരു നാട്ടിലേക്ക് നമുക്ക് പോയി സുഖമായി ജീവിക്കാം. നമുക്ക് ബന്ധുക്കളും നാട്ടുകാരും സുഹൃത്തുക്കളും വേണ്ട. നമുക്ക് നമ്മൾ മാത്രം മതി!‘–

ഇത് പറയുമ്പോൾ തന്നെ അച്ഛന്റെ ശബ്ദം വല്ലാതെ ഇടറിയിരുന്നു. കൂടുതൽ സംസാരിക്കാൻ കഴിയാതെ ആ മനുഷ്യൻ മുറിയിൽ നിന്നിറങ്ങി പോയി.

’വീടിനടുത്തുള്ള സ്കൂളിലെ അധ്യാപകനാണ് അച്ഛൻ. അത്യാവിശ്യം പറമ്പും പുരയിടവും ഉണ്ട്. അതിൽ കൃഷിയും ചെയ്തു പോരുന്നുണ്ട്. വീട്ടുകാര്യങ്ങളിലും അച്ഛന്റെ വലംകൈയായി അമ്മ ഗർഭിണിയാകുന്നതുവരെ തന്നെ കൂടെയുണ്ടായിരുന്നു. നാട്ടുകാരും ബന്ധുക്കളും സുഹൃത്തുക്കളും വളരെയധികം ആദരവും ബഹുമാനവും നൽകുന്ന വ്യക്തിയാണ് അച്ഛൻ. പിന്നെന്തു പറ്റി അച്ഛന് ഇങ്ങനെ തോന്നാൻ.? ഇത്ര



യും തളർന്ന രീതിയിൽ സംസാരിക്കുന്ന അച്ഛനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല.’

അമ്മയുടെ പ്രസവ ശുശ്രൂഷയ്ക്കും കുഞ്ഞുവാവയെ നോക്കാനുമായി അമ്മയുടെ അമ്മയും ഇപ്പോൾ വീട്ടിൽ താമസമുണ്ട്. ബന്ധുക്കൾ ഇടയ്ക്കിടെ കുഞ്ഞിനെ കാണാൻ വരാറുണ്ട്. അവരുടെ മുന്നിലേക്ക് അമ്മ എന്നെ വിളിക്കാറില്ല.

’അവന് നിറയെ പഠിക്കാനുണ്ട്.’

എന്ന് പറഞ്ഞ് അവരിൽനിന്ന് മാറ്റി നിർത്തും. അമ്മ പണ്ടും അങ്ങനെ തന്നെയാ

ണ് ബന്ധുക്കളുടെ മുന്നിൽ നിന്നാൽ അവരെന്നെ കണ്ണ് വയ്ക്കുമെന്നാണ് അമ്മ പറയാറ്. അതുകൊണ്ടുതന്നെ ബന്ധുക്കളുമായി പറയത്തക്ക ബന്ധമൊന്നും എനിക്കുണ്ടായിട്ടില്ല.

' നിങ്ങൾക്കിപ്പോൾ നിങ്ങളുടെ ചോരയിൽ പിറന്ന കുഞ്ഞുണ്ടല്ലോ. പിന്നെ എന്തിനാണ് ഏതോ ഒരു അനാഥനെ വളർത്തി ധർമ്മം കൊള്ളുന്നത് ? അവനെ അനാഥാലയത്തിൽ കൊണ്ടാക്കി അവന്റെ പേരിൽ എഴുതി വച്ച സ്വത്തുക്കൾ തിരിച്ചു വാങ്ങ്.'

അമ്മയുടെ ശബ്ദം ഉയർന്നു കേൾക്കുന്നു:

'അമ്മ എന്തൊക്കെയാ പറയുന്നത്? അവൻ ഞങ്ങളുടെ മോനാണ്. എന്റേയും ചന്ദ്രേട്ടന്റെയും മരണം വരെയും ഞങ്ങളുടെ മകനായി തന്നെ ഇവിടെ അവൻ വളരും. വെറുതെ അതും ഇതും പറഞ്ഞു ആ കുഞ്ഞിന്റെ ചെവിയിൽ ഒന്നുമെത്തിക്കരുത്. അവനില്ലാത്ത ജീവിതം ഞങ്ങൾക്ക് ചിന്തിക്കാൻ കൂടി കഴിയില്ല.'

അത്രയും പറഞ്ഞ് അമ്മ തിരിഞ്ഞത് എന്റെ മുഖത്തേക്കായിരുന്നു. ഒരു നിമിഷം ഭൂമി ഞങ്ങൾക്ക് മുന്നിൽ ഗർത്തം സമ്മാനിച്ച് രണ്ട് ഭൂഖണ്ഡങ്ങളിലേക്ക് ഞാനും അമ്മയും മാറുന്നതായി ആ നിമിഷം ഞങ്ങൾക്ക് അനുഭവപ്പെട്ടു. ഞാൻ എല്ലാം കേട്ടുവെന്ന് അമ്മയ്ക്ക് മനസ്സിലായി. അതുവരെ ഒളിപ്പിച്ചുവെച്ച മഹാരഹസ്യം ഒരു വെള്ളിടി പോലെ ഞങ്ങളുടെ കുടുംബത്തിൽ ആഘാതത്തോടെ പതിച്ചിരിക്കുന്നു.

' മോനെ.. നീ..'

' അതൊന്നും നിന്നെ..'

'നീയല്ലാ.. അമ്മ..'

തുടങ്ങിയ വാക്കുകൾ ചേർത്തുവയ്ക്കുവാനാകാതെ അമ്മ പ്രയാസപ്പെട്ടു.

ഞാനൊന്നും മിണ്ടാതെ മുറിയിലേക്ക് പോയി വാതിൽ അടച്ച് എത്ര സമയം ഞാൻ എന്റെ കിടക്കയിൽ കിടന്ന് കരഞ്ഞുവെന്ന് ഇന്നും എനിക്ക് ഓർമ്മയില്ല. എന്നോട് സംസാരിക്കുവാനും മുഖം തരാനുള്ള ശക്തിയില്ലാതെ കഴിയാതെ ആരും ആ രാത്രി മുറിയിലേക്ക് കടന്നുവന്നില്ല. കുഞ്ഞിന്റെ കരച്ചിലും അമ്മയുടെ തോരാത്ത കണ്ണീർ മഴയുമല്ലാതെ മറ്റൊന്നും ആ വീട്ടിൽ നിന്ന് ഉയർന്നില്ല.

ഉണർന്നപ്പോൾ വളരെ പെട്ടെന്ന് എനിക്ക് അന്യമായി തീർന്ന ഈ ലോകത്തോട് തന്നെ വെറുപ്പ് തോന്നി. സനാഥത്വം പേറുന്ന വീടിനോട് അകലം തോന്നി.

എനിക്ക് ആരുമില്ലാത്ത വീട്ടിൽ..

ഈ ലോകത്ത് എന്തിനു ജീവിക്കണം?

ആ രാത്രിയിൽ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ മുന്നിൽ വീണ വഴികളിൽ വീണു ചിതറിയ നിഴൽ ചിത്രങ്ങൾക്കും കണ്ണുകളിൽ നിറഞ്ഞ തുള്ളികളിൽ അവ്യക്തത പടർന്നിരുന്നു. എങ്ങോട്ടെന്നില്ലാതെ തുടർന്ന യാത്രകൾ പല നാടുകൾ പിന്നിട്ട് വർഷങ്ങളായി ഇന്നും തുടരുന്നു.!

ഇരുപത് വർഷങ്ങൾ നീണ്ട അലച്ചിലിനൊടുവിൽ വീണ്ടും ഞാൻ ഈ ഗ്രാമത്തിലേക്ക് തിരിച്ചെത്തുമ്പോൾ സന്യാസി എന്നോ ഭ്രാന്തനെന്നോ വിളിക്കാൻ പാകത്തിന് ഒരു രൂപം മാത്രം ബാക്കി വച്ചിരുന്നു. പതിനാറാം വയസ്സിൽ നാടുവിട്ടുപോയ ഒരു ചെറിയ പയ്യനെ ഇരുപത് വർഷങ്ങൾക്ക് ശേഷം ആര് തിരിച്ചറിയാനാണ്? ആ പഴയ വീടിന്റ വാതിൽക്കലെത്തുമ്പോൾ അടച്ചിട്ട വാതിലുകൾ ഏതോ ദുരന്തത്തിന്റെ അവശേഷിപ്പെന്നോണം പഴകി ദ്രവിച്ച് കരിയിലകൾ ശബ്ദം മുഖരിതമായി.

എന്റെ പാദങ്ങൾ പൂമുഖത്തേക്ക് പതിക്കുമ്പോൾ ,

'അവിടെ ആരുമില്ല '

അയൽവാസിയായ യുവാവിന്റെ ശബ്ദം.

'ഇവിടെയുണ്ടായിരുന്നവർ..'

' നല്ലൊരു മനുഷ്യനായിരുന്നു ഇവിടെ താമസിച്ചിരുന്നതെന്ന് എന്റെ അച്ഛൻ പറയാറുണ്ട്. എങ്ങുനിന്നോ ഒരു കുട്ടിയെ ദത്തെടുത്തു വളർത്തി .സ്വന്തം രക്തത്തിൽ കുട്ടി പിറന്നപ്പോൾ ദത്തെടുത്ത കുട്ടി നാടുവിട്ടു. അന്ന് രാത്രി തന്നെ ആ മനുഷ്യൻ ആത്മഹത്യ ചെയ്തു. അയാളുടെ ഭാര്യ ആ നടുക്കത്തിൽ ഭ്രാന്തിയായി മരണം വരെ കഴിഞ്ഞു. വകയിലേതോ ഒരു ബന്ധു ആ കൈക്കുഞ്ഞിനെ കൂട്ടിക്കൊണ്ടുപോയി വർഷങ്ങൾക്കു മുമ്പ്..

കൂടുതൽ ഒന്നും അറിയില്ല. ബന്ധുക്കളായോ സുഹൃത്തുക്കളായോ ആരുംതന്നെ ഇവിടെയൊക്കെ വരാറില്ല. അത്രയേ അറിയൂ.'

' അല്ല നിങ്ങൾ ആരാണ്?'

' എവിടെ നിന്നാണ്..?'

ആ ചോദ്യം യുവാവ് പൂർത്തിയാക്കും മുൻപ് അച്ഛനും അമ്മയും ഉറങ്ങുന്ന മണ്ണിലേക്ക് ഞാൻ ചെന്നുനിന്നു. ആത്മാവിൽ നിന്നൂറിയ നീർക്കണങ്ങളിലേക്ക് രണ്ടു ജലച്ഛായ ചിത്രങ്ങൾ തെളിഞ്ഞു. വാത്സല്യത്തോടെ അതാ അവരെന്നെ വിളിക്കുന്നു.

●

# ഒരേ പോലെയുള്ള രണ്ടു പെണ്ണുങ്ങൾ





രേഖ തോപ്പിൽ

**ഞാ**ൻ കിടക്കയിൽ ഒന്നു ചെരിഞ്ഞു കിടന്നു. എനിക്ക് ചുറ്റുമുള്ള വായുവിന് മരുന്നും ഫിനോയിലും കൂടി കലർന്നൊരു മടുപ്പിക്കുന്ന ഗന്ധമാണ്. കാതിൽ കോറിഡോറിലൂടെ ഉരുണ്ടു നീങ്ങുന്ന ട്രോളിയുടെ ഞെരക്കങ്ങൾ. ഹൈഹീൽ ഷൂ ധരിച്ച് ധൃതിപൂണ്ട പാദ പതനത്തോടെ ഓടി നടക്കുന്ന നഴ്സ് . രോഗികളുടെ ആർത്ത നാദങ്ങൾ... കൂട്ടു നിൽക്കുന്നവരുടെ ആകുലത നിറഞ്ഞ മുഖങ്ങൾ. ഇത് നഗരത്തിലെ വലിയൊരു ആശു പത്രി കെട്ടിടമാണ്.

ഇന്നലെ വരെ ഞാനെന്റെ വീട്ടിൽ ഏതൊരു വീട്ടമ്മയെ പോലെയും അടുപ്പിൽ പത പത ശബ്ദത്തോടെ അരി തിളപ്പിക്കുകയും വീട്ടു വാതിക്കൽ വന്ന മീൻ കാരനോട് വിലപേശി മീൻ വാങ്ങുകയും പിന്നെ ഇത്തിരി നേരം അടുത്ത വീട്ടിലെ ദുബായ്ക്കാരന്റെ ഭാര്യ ഷൈജയോട് കൊച്ചുവർത്തമാനങ്ങൾ പറയുകയും ചെയ്ത സാധാരണ വീട്ടമ്മയായിരുന്നു. എന്നാൽ കുറച്ചു നാളായി മൃദുവും ഗോതമ്പു നിറമണിഞ്ഞതുമായ എന്റെ ഇടത്തേ സ്തനത്തിൽ ഒരു മുഴ തെന്നി കളിക്കുന്നു . അവിടെ തൊലിയുടെ നിറമൊന്ന് ഇളം ചുവപ്പായിരിക്കുന്നു. ആ മനോഹര ഭാഗത്തിന്റെ മാറ്റം ഭരതനെ വല്ലാതെ ദുഃഖിപ്പിച്ചു. അദ്ദേഹം വേഗത്തിൽ എന്നെ ഈ ആശുപത്രിയിലെത്തിച്ചു.

ഭരതന്റെ സുഹൃത്തായ ഡോക്ടർ മൃദുലാ രാമൻ ഭരതന്റെ സാമീപ്യത്തിൽ തന്നെ എന്റെ മുല പരിശോധിക്കുമ്പോൾ ഞാൻ കണ്ണടച്ചു കിടന്നു .

അപ്പോൾ തന്നെ ഏതോ തീവ്രരോഗത്തിന്റെ ബലമായ സംശയത്താൽ ഡോക്ടർ മൃദുലാ രാമന്റെ നെറ്റി ചുളിഞ്ഞത്, കണ്ണടച്ചിരുന്നതിനാൽ ഞാൻ കാണാതെ പോയി.

'ഏയ് എനിക്കൊന്നു മില്ലെന്ന്' ഞാനെന്റെ മനസ്സിനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. തുടർ ടെസ്റ്റായ മാമോഗ്രാമിൻറെ റിസൾട്ടു വരെയും ഞാനതു തുടർന്നു. ആ റിസൾട്ടിനു ശേഷം ഡോക്ടർ മൃദുലാ രാമനുമായി സംസാരിച്ചു മടങ്ങി വന്ന ഭരതന്റെ കരഞ്ഞ കണ്ണുകൾ എന്നോടു പറയാതെ പറഞ്ഞു: 'എൻറെ ഇടത്തേ സ്തനം അർബുദത്തിന് കീഴടങ്ങി കഴിഞ്ഞിരിക്കുന്നു.' ഭരതാ.. അതു സത്യമാണോ. - ഞാനന്ന് അമിത ഉത്കണ്ഠയോടെ ചോദിച്ചു.

നോക്കൂ.. ഞാനത് വെറുമൊരു നീർവീക്കമായിരിക്കുമെന്ന് തെറ്റിദ്ധരിച്ചു പോയി. അതെ.. ആർത്തവ കാലത്തുണ്ടാകുന്ന ആ വേദനയും കല്ലിപ്പും.

അപ്പോഴും ഭരതൻ എനിക്കുത്തരം തരാതെ എൻറെ റിപ്പോർട്ടിലേക്ക് കണ്ണുകളൊളിപ്പിച്ചു. എന്നാൽ ആ കണ്ണുകളിലുയർന്ന തിരകൾ അതിരു ഭേദിച്ചു കവിൾ തടത്തിലൂടെ ഒഴുകിയിറങ്ങിയപ്പോൾ ഭരതന് പിടിച്ചു നിൽക്കാനായില്ല.

ഭരതൻ എന്നെയും എന്റെ രോഗ ബാധിതമായ മുലയെയും കരുത്തുറ്റ ആൺസ്നേഹത്തോടെ ആശ്ളേഷിച്ചു. ആഞ്ഞു ചുംബിച്ചു.

ആ സ്നേഹത്തിലമർന്ന് കിടന്ന് പുറത്തേയ്ക്ക് ഉയർന്നു പൊന്തിയ വിതുമ്പലുകൾ ഞാൻ ചുണ്ടുകളാൽ അമർത്തി.

ഞാനെന്നുമെന്റെ ഹൃദയത്തിന്റെ കരച്ചിലുകൾ മറ്റുള്ളവരിൽ നിന്നു മറച്ച് വെച്ച് ധീരയെന്ന പേര് നേടിയെടുത്തിരുന്നു. എന്റെ ഭർത്താവിന്റെ പേര് ഭരത് എന്നായിരുന്നു. ഭരതന്റെ ഡെൽഹിയിലുള്ള പരിഷ്ക്കാരിയായ അച്ഛനും അമ്മയും അദ്ദേഹത്തെ ഭരതൂ... എന്ന് കൊഞ്ചിച്ചു വിളിച്ചു. ഞാനാകട്ടെ അദ്ദേഹത്തെ ഭരതാ എന്ന് നീട്ടി വിളിച്ച് പൂർണ്ണമായും ഒരു മലയാളിയാക്കി മാറ്റി .

രാമായണത്തിലെ ശ്രീ രാമൻറെ അനുജനായ ഭരതനെ പോലെ എൻറെ ഭർത്താവിന് ജേഷ്ഠാനുജൻമാർ ഉണ്ടായിരുന്നില്ല. അതു കൊണ്ടു തന്നെ പ്രതി സന്ധികളിൽ പരസ്പരം ഞങ്ങൾ കൂടുതൽ ചുമൽ താങ്ങി .ബന്ധം കൂടുതൽ ഉറപ്പിച്ചു. ഭരതൻറെ അമ്മ ഇന്നലെ ഡെൽഹിയിൽ നിന്ന് ഫോൺ ചെയ്തിരുന്നു . 'എൻറെ ഭരതൂ.. മോള് തീരെ ചെറുപ്പമല്ലേ. ഇത്ര പെട്ടെന്ന് ഇങ്ങനെ ഒരു രോഗം.. അതും ബ്രസ്റ്റ് മുറിച്ചു മാറ്റണമെന്ന് പറഞ്ഞാൽ..'

അമ്മായി അമ്മ മരുമകളുടെ രോഗത്തിൻറെ മേലെ പൊഴിച്ച കണ്ണുനീരിനും ആകുലതക്കും നേരെ മകൻ ഭരതു ശബ്ദം താഴ്ത്തി വാക്കുകൾ പെറുക്കിയെറിയുന്നത് ഞാൻ നിശബ്ദയായി കേട്ടു കിടന്നു .

എൻറെ മനോ മുകരത്തിൽ ഭരതൻറെ അമ്മയുടെ സ്ളീവ് ലെസ്സ് ബളൌസിനു മുകളിൽ സാരി ഞൊറികൾക്കിടയിലൂടെ വ്യക്തമായി കാണാവുന്ന അവരുടെ ചെറിയ മുലകൾ തെളിഞ്ഞു . അവർക്ക് അറുപതു വയസ്സു കഴിഞ്ഞെങ്കിലും അവരുടെ സ്തനങ്ങൾ ചെറുപ്പവും രോഗവിമുക്തവുമാണ്.. ഛേ.. എൻറെ മനസ്സ് അസൂയയാൽ പുളയുന്നല്ലോ. എൻറെ നനഞ്ഞ കണ്ണുകൾ ഭരതൻ കാണാതെ ഞാൻ തുടച്ചു . ഞാനനുഭവിച്ചു തീർക്കേണ്ട അനന്തമായ വേദന അതെൻറെ മുന്നിൽ തിരകളാർക്കുന്ന കടലായി പരന്നു. അതിൻറെ അറ്റമില്ലാത്ത കറുപ്പിലേക്ക് നോക്കി ഞാൻ കണ്ണുനീർ വാർത്തു. നെടുവീർപ്പിട്ടു.

ഞാനെൻറെ ഇടത്തെ മുലയിൽ വിറക്കുന്ന കരങ്ങൾ കൊണ്ടു പതിയെ സ്പർശിച്ചു.

കോശങ്ങൾ ആത്മഹത്യ ചെയ്ത് വിങ്ങി വിതുമ്പി കൊണ്ടിരിക്കുന്ന അവയവം.

എൻറെ രോഗബാധിതനായ കുട്ടി . അതങ്ങിനെ കണ്ണു ചുവപ്പിച്ചു കരയുകയാണ് . എൻറെ പൈതലേ.. നിന്നെ എൻറെ മറ്റേത് അവയവത്തിനെക്കാളും ഞാനിപ്പോൾ കൂടുതൽ സ്നേഹിക്കുന്നു.

എൻറെ ശരീരത്തിലെ ആ അവയവം അത് ചെറുപ്പത്തിൽ ഒരു മറുക് പോലെ നെഞ്ചിൽ പതുങ്ങി കിടന്നു .

കുട്ടിയായിരുന്ന ഞാൻ കുളിച്ചു തോർത്തുമ്പോൾ തൊട്ടടുത്ത വീട്ടിലെ ജാനുവമ്മ കളിയാക്കി.

'നീയെത്ര സോപ്പു തേച്ചു കുളിച്ചാലും ആ മറുക് മാഞ്ഞു പോകുന്നില്ലല്ലേ..'

ഞാനന്ന് കുട്ടി തോർത്തുടുത്തു നിന്ന് നാണത്തോടെ വായ പൊത്തി അമർത്തി ചിരിച്ചു .

പിന്നെ ഞാൻ വളരുന്നതോടൊപ്പം ആ അവയവം ചെറുതായി കൂമ്പുകയും പൂമൊട്ടായി പൂവായി വിടർന്ന് നിലാവിന്റെ നിറം കടം വാങ്ങി നക്ഷത്ര കണ്ണുകൾ തുറന്നു ചിരിച്ചു . ആരും കാണാതെ നിലകണ്ണാടിയിൽ ആ ചന്തം ആസ്വദിച്ച കാലം അതായിരുന്നുവെന്റെ കൌമാരം. അന്നൊരിക്കൽ ബാല്യകാല സുഹൃത്തുക്കളായ ആൺകൂട്ടുകാർക്കൊപ്പം ഞാൻ ചീട്ടു കളിച്ചു കൊണ്ടിരിക്കുമ്പോൾ അമ്മ എന്നെ അകത്തേക്ക് വിളിച്ചു. എൻറെ കുർത്തക്ക് മേലെ ഒരു ദുപ്പട്ട വിടർത്തിയിട്ടു.

'നീ വല്ലാതെ വളർന്നു പോയി പെണ്ണേ' എന്ന് പഴി പറഞ്ഞു. വളരെ മൃദുവും കാണാനഴകുള്ളതുമായ ആ അവയവം വളർന്നു വരുന്നത് എൻറെ പെണ്ണുടലിന് അപമാനകരവും ലജ്ജാകരവുമാണെന്ന് ആ ദുപ്പട്ട എന്നെ ഓർമ്മിപ്പിച്ചു.

അത് തീർത്തും പുരുഷൻ മാർക്ക് മുന്നിൽ മറച്ച് വെയ്ക്കപ്പെടേണ്ടതാണെന്നും ഉഗ്രമായി വാദിച്ചു. അന്നത്തെ റ്റൂഷൻ ക്ളാസ്സിൽ പ്രൊഫസർ ദീനദയാലുവിൻറെ കണ്ണു വെട്ടിച്ച് ഞാൻ തൊട്ടടുത്തിരുന്ന നിഷയുടെ കാതിൽ പറഞ്ഞു:

'മാറിടങ്ങൾ വളർന്നു വരുമ്പോൾ എനിക്ക് വല്ലാത്ത ലജ്ജ തോന്നുന്നു.'

'നീയൊന്നു ചുമൽ കൂച്ചി കുനിഞ്ഞു നടന്നാൽ മതി
അപ്പോൾ അതാരും ശ്രദ്ധിക്കാതെ പോകും.'

നിഷ എന്നെക്കാൾ വളർച്ചയുള്ള കുട്ടിയായിരുന്നു. അവൾ അങ്ങനെ കുനിഞ്ഞ് നടന്ന് പുറത്തു സാമാന്യം നല്ലൊരു കൂന് വരുത്തി വെച്ചിരുന്നു. അവളെ പോലെ രൂപത്തിന് അഭംഗി വരുത്താൻ ഇഷ്ട പ്പെടാതിരുന്ന ഞാൻ മനസ്സിൽ ആകാശത്തോളം അപകർഷത നിറച്ചു വെച്ച് കുർത്തക്ക് മേലെ ദുപ്പട്ട വലിച്ചിട്ടു. എങ്കിലും ഞാൻ അഴകുള്ള ആ അവയവത്തെ വല്ലാതെ ഇഷ്ടപ്പെട്ടു .ആ അഴകിലലിഞ്ഞ് അഹങ്കരിച്ചു.

അടുത്ത് ആരുമില്ലാത്തപ്പോൾ ആ ദുപ്പട്ട ഞാൻ ദൂരേക്ക് വലിച്ചെറിഞ്ഞു . സ്വയം സ്വാതന്ത്ര്യം ആഘോഷിച്ചു.

ആയിടക്ക് ഞാൻ വായിച്ചിരുന്നു. ഓരോ പെണ്ണിൻറെയും അരക്കെട്ടും മാറിടവും പുരുഷന്റേതാണെന്ന്. അവനെ ആകർഷിക്കാനായി സൃഷ്ടിക്കപ്പെട്ടതാണെന്ന്.

ഞാൻ ചിന്തകളിലങ്ങനെ അന്തമില്ലാതെ മേഞ്ഞു നടക്കുമ്പോൾ ഡോക്ടർ മൃദുലാ രാമൻ മുഖം നിറഞ്ഞ ചിരിയോടെ റൂമിലേക്ക് കടന്നു വന്നു.

തന്റെ പ്രിയ സുഹൃത്തിനെ കണ്ടതും ഭരതൻ സന്തോഷത്തോടെ ചിരിച്ചു .



ഞാനപ്പോൾ അവരുടെ ഉടലഴകിലേക്കാണ് കണ്ണുകൾ പായിച്ചത്. ഏപ്രിൽ മെയ് മാസത്തിൽ മാത്രം പൂക്കുന്ന പൂമരവസന്തം.. അവരണിഞ്ഞിരിക്കുന്ന സാരിയെന്നെ ഓർമ്മിപ്പിച്ചു . അവരുടെ അഴകൊത്ത ഉയർന്ന മാറിടങ്ങൾ .. എൻറെ കണ്ണുകൾ ഒരു നിമിഷമവിടെ തറഞ്ഞു പോയി . എൻറെ മനസ്സിപ്പോൾ അങ്ങനെയാണ് . വളരെ ചീത്തയാണ്.

അന്ന് ഞങ്ങളുടെ മുറിയിൽ നിന്നിറങ്ങും മുമ്പെ ഡോക്ടർ മൃദുലാ രാമൻ എൻറെ മുടിയിഴകളിൽ വിരലോടിച്ചു. പിന്നെ എൻറെ നെറുകയിൽ കൊച്ചു കുഞ്ഞിനെയെന്ന പോലെ ഉമ്മ വെച്ചു കൊണ്ടവർ പറഞ്ഞു.

'ലേഖേ.. നീ ധൈര്യമായിരിക്കൂ.. പുഞ്ചിരിച്ചു കൊണ്ടാകണം നാളെ നീ ഓപ്പറേഷൻ തീയറ്ററിലേക്ക് വരേണ്ടത്.. '

'ഞാൻ ധൈര്യമുള്ള വളാണ് ..'

എൻറെ മറുപടി കേട്ടവർ ഭരതനെ നോക്കി പുഞ്ചിരിച്ചു .

'ഈ ഭരതനാണ് ഭയമല്ലേ..'

എന്ന് ഭരതനെ കളിയാക്കി അവർ പുറത്തേയ്ക്ക് പോയി. ഭരതനിപ്പോൾ ലാപ്പ് ടോപ്പ് തുറന്ന് തൻറെ ജോലിയിൽ മുഴുകിയിരിക്കുന്നു.

ഞാനെന്റെ ഓമന മകളെ കുറിച്ചോർത്തു . അവളിപ്പോൾ ഭക്ഷണം കഴിച്ചിട്ടുണ്ടാകുമോ.. ഞാൻ ഊട്ടിയാലല്ലാതെ കഴിക്കാത്ത കുട്ടി . എൻറെ ചൂടിലല്ലാതെ ഉറങ്ങാത്ത കുട്ടി . അവളിപ്പോൾ അകമുറിയിലെവിടെയെങ്കിലും കരഞ്ഞു കൊണ്ടിരിക്കയാകുമോ.. ശരീരം തീവ്രരോഗത്താൽ പിടയുമ്പോഴും അസ്വസ്ഥമായ മനസ്സിതാ വീടിൻറെ ഓരോ കോണിലും ഓടി

നടക്കുന്നു .

എന്തൊക്കെയോ അടുക്കി പെറുക്കുന്നു. ആരെയൊക്കെയോ ചേർത്തു പിടിക്കുന്നു. അടുക്കളയിലെ വേവു മണക്കുന്നു.

പെട്ടെന്നാണ് ആ കിടപ്പിൽ എൻറെ ഇടത്തെ സ്തനം വേദന കൊണ്ടു പുളഞ്ഞത് . ഞാനുച്ചത്തിൽ അലറി കരഞ്ഞു . ആ മുറി പകുത്തിടാനെന്ന പോലെ. എൻറെ ഉടലിൽ നിന്നാ ജീവൻ വലിച്ചെറിയാനെന്ന പോലെ. ഭയന്ന ഭരതൻ പെട്ടെന്ന് നഴ്സിനെയും കൂട്ടിവന്നു. നഴ്സ് പുഞ്ചിരിയോടെ എൻറെ അരക്കെട്ടിലേക്ക് ഒരു മയക്കത്തിനായി ഇൻജക്ഷൻ സൂചി താഴ്ത്തി . മയക്കം. ഗാഢമായ മയക്കം. ലോലമായ മനസ്സ് അപ്പോൾ അപ്പൂപ്പൻ താടി പോലെ പറന്നു . ആ രാത്രി യിൽ അപ്പൂപ്പൻ താടിയുടെ മൃദുവായ നൂലിൽ പിടിച്ചു തൂങ്ങിയാണ് ഒറ്റ മുലച്ചി എന്റെ സ്വപ്നത്തിലേക്ക് രംഗപ്രവേശം ചെയ്തത് . മലമുകളിലെ പൂതകുന്നിൻ കാവിൽ മണ്ണാപേടിയും പുലാപേടിയുമുണ്ടായിരുന്ന കാലത്ത് മേലാളൻമാരാൽ ഒരു മുല മുറിച്ചു കളഞ്ഞ് അരും കൊല ചെയ്യപ്പെട്ട ഒരു യുവതിയുടെ ദുരാത്മാവാണ് ഒറ്റമുലച്ചി .,

ഈ ഒറ്റമുലച്ചിക്കു മലക്ക് മേലെ ഒരു പൂതകുന്നു കാവുണ്ട്.

മേട മാസത്തിലെ ഉത്സവനാളിൽ ഒറ്റമുലച്ചി ഒറ്റമുല നീട്ടിയിട്ടു തുള്ളിയുറയുമ്പോൾ ഞാനെൻറെ ബാല്യത്തിൽ കാറി കരഞ്ഞു കൊണ്ടു അമ്മയുടെ മടിയിലൊളിക്കും. അങ്ങനെ എന്നെ ചെറുപ്പത്തിൽ ഭയപ്പെടുത്താറുള്ള ആ ഒറ്റമുലച്ചി ഇപ്പോൾ ഇതാ സ്വപ്നത്തിൽ തുള്ളി ഉറയുന്നു.

സ്വർണ്ണ നിലാവിൻറെ തിളക്കമുള്ള എൻറെ മാറിടങ്ങൾക്ക് നേരെ വെള്ളിപിടിയുള്ള വാളുയർത്തി ഒറ്റമുലച്ചി പാഞ്ഞടുക്കുന്നു. വലിയ കറുത്ത പാറയോളം വലിപ്പമുള്ള ആ ഒറ്റമുല

യുടെ തുഞ്ചത്ത് മുലകണ്ണ് ചുവന്ന സൂര്യനായി കത്തുന്നു.

ഒറ്റമുലച്ചി മുടിയഴിച്ചിട്ടാടി . എനിക്ക് ശ്വാസം മുട്ടുന്നു.

അയ്യോ ഒറ്റമുലച്ചീ.. ഞാനുറക്കെ അലറി കരഞ്ഞു .

ഭരതൻ ഉറക്കത്തിൽ നിന്നും ഞെട്ടിയെഴുന്നേറ്റു.

വിയർത്തു ഭയന്നു വിറക്കുന്ന എന്നെ പകപ്പോടെ നോക്കി.

എന്തേ നിനക്ക് വേദനിക്കുന്നുണ്ടോ..?

ഒരിറക്ക് വെള്ളം കുടിച്ചശേഷം ഞാൻ ഉത്തരം പറഞ്ഞു:

'ഇല്ല ഞാൻ ഒറ്റമുലച്ചിയെ സ്വപ്നം കണ്ടു. ഞങ്ങടെ നാട്ടിലെ പൂതകുന്നിൻ കാവിലെ ഒറ്റമുലച്ചി.'

അത് കേട്ട് ഭരതൻ ഉടനെ

സൈക്കോളജി പറഞ്ഞു:

'നോക്ക് ..നിൻറെ മനസ്സിലെ ഭീതിയും വേദനയുമാണ് ഇത്തരം സ്വപ്നങ്ങളായി രൂപാന്തരപ്പെടുന്നത്.,'

അതു കേട്ട് ഞാൻ ലജ്ജിച്ചു മുഖം കുനിച്ചു . ധൈര്യമുള്ള പെണ്ണ് ഇവിടെ തോറ്റു പോകുന്നുവോ..

പതിയെ ഭരതനെന്റെ ശരീരത്തിലേക്ക് ഒട്ടിചേർന്നു കിടന്നു . അന്ന് നേരം വെളുക്കുവോളം ഭരതൻറെ ചുണ്ടു കളെന്റെ കവിൾ തടത്തിൽ ഉമ്മകളായി ഉരുമ്മി.

അന്ന് ആ ഓപ്പറേഷൻ ദിവസം ഞാനെൻറെ ചുവന്ന നൈറ്റി അഴിച്ചു മാറ്റി ഇളം നീല നിറമുള്ള വസ്ത്രങ്ങൾ അണിയും മുമ്പെ എൻറെ കണ്ണുകൾ മുന്നിലെ കണ്ണാടിയിൽ തങ്ങി നിന്നു .

അവിടെയതാ രോഗ ബാധിതമായ എൻറെ മാറിടം

ചുവന്നു വിങ്ങി മുലകണ്ണുകൾ ചുരുങ്ങി...

പെട്ടെന്ന് ഞാൻ പൊട്ടി കരഞ്ഞു . അത് കൂടുതൽ ഉച്ചത്തിൽ എൻറെ ആത്മാവിൽ നിന്നുയർന്നു വരാൻ തുടങ്ങി .

അപ്പോഴാണ് ആ ശബ്ദം എൻറെ പുറകിൽ നിന്നുയർന്നത്..

'നീ കരഞ്ഞു തീർന്നില്ലേ...കുട്ടി.'

ഞാനാ ശബ്ദം കേട്ടിടത്തേക്ക് നോക്കി അത് ഡോക്ടർ വിമലാ രാമനായിരുന്നു.

ഞാനാ നെഞ്ചിലേക്ക് വീണൊന്ന് കരയാൻ കൊതിച്ച നേരത്താണ് ഡോക്ടർ വിമലാ രാമൻ തൻറെ സാരി മാറ്റി ബ്ളൌസിന്റെ ഹുക്കഴിച്ചത്. അവർ നഗ്നമാക്കിയ ആ ഭാഗത്തിന്റെ കാഴ്ച എന്നെ നടുക്കി കളഞ്ഞു .

അതാ ശൂന്യമായ മരുഭൂമി

വികൃതമായ മാംസതുണ്ടുകളുടെ തുന്നലുകളുടെ പഴുതാര കാലുകൾ...

അതെ ഏകദേശം ഏഴു വർഷം മുമ്പെ നിൻറെ യീ പ്രായത്തിൽ തന്നെയാണ് ഞാനും ഈ രോഗത്തിൽ വീണു പോയത്.. ധൈര്യം ഇന്നുമെന്നെ ജീവിപ്പിക്കുന്നു...

അവരുടെ മുഖത്തതാ നിറഞ്ഞ ചിരി .

പെട്ടെന്ന് എൻറെ കണ്ണിലെ കണ്ണീർ വറ്റി. ഞാനും പുഞ്ചിരിച്ചു . പെട്ടന്നത് രണ്ടു പെണ്ണുങ്ങളുടെ പൊട്ടിചിരിയായി. ആ സർജറിക്ക് മുമ്പെ ഭരതൻ എന്നെ കാണാൻ ഒരിക്കൽ കൂടി അരികിലെത്തി. ദുഃഖം കൊണ്ടു വിളർത്ത ആ മുഖത്തേക്ക് നോക്കി ഞാൻ പുഞ്ചിരിയോടെ പറഞ്ഞു . ഭരതാ .. നിന്റെ അമ്മയെന്നെ കാലത്ത് വിളിച്ചിരുന്നു .

അവർ ഡെല്ലിയിൽ നിന്നു വരുമ്പോൾ എന്താണ് എനിക്കു വേണ്ടി കൊണ്ടു വരേണ്ടതെന്ന് ചോദിച്ചിരുന്നു. ഭരതാ നീ അമ്മയോടു പറയൂ.. എനിക്കു രണ്ടു മനോഹരമായ വെപ്പു മുലകൾ വേണമെന്ന്..!

●

# ശിഥിലം

**അ**ച്ഛന്റെ കണ്ണുകളിൽ രോഷത്തിന്റെ തീനാമ്പുകൾ എരിയുന്നത് മകൻ കണ്ടു.

മകന്റെ കണ്ണുകളിൽ വെറുപ്പിന്റെ കടൽ തിരതല്ലുന്നത് അച്ഛനും കണ്ടു.

ഇവർക്കിടയിൽ കലഹത്തിന്റെ കേന്ദ്ര ബിന്ദുവായി മാറേണ്ടി വന്നല്ലോ എന്നോർത്ത് വിഷമത്തോടെ മൊബൈൽ ഫോണും...

എന്തെല്ലാം പ്രതീക്ഷയോടെയാണ് മകനോടൊപ്പം ഇവിടെ വന്നത്...!

ആദ്യമെല്ലാം എല്ലാവർക്കും ഇഷ്ടമായിരുന്നു. ഇഷ്ടക്കൂടുതൽ കൊണ്ട് മകൻ കൈയ്യിൽ നിന്ന് താഴെ വച്ചില്ല.. രാപ്പകൽ ആരെയൊക്കെയോ വിളിക്കുന്നു.. ചിരിയും കളിയും സംസാരവും തന്നെ..അതാണ് പ്രശ്നമായതും...

പുറത്ത്, മഴയുടെ വിലാപശ്രുതികൾ...

അകത്തെ മുറിയിൽ അമ്മയുടെ നേർത്ത തേങ്ങലുകൾ..

അമ്മയോർത്തു..

വീട്ടിൽ വന്നിട്ട് ഒരാഴ്ച പോലുമായില്ല.

അതിനു മുൻപ് അച്ഛനും മകനും തമ്മിൽ

തെറ്റിയിരിക്കുന്നു. വാക്കുകളുടെ കൂരമ്പുകൾ പരസ്പരം എയ്തു രസിക്കുന്നു.. ഇതിങ്ങനെ പോയാൽ എന്താവും ഇവിടുത്തെ സ്ഥിതി...?ഉള്ള

സമാധാനം കൂടി പോയി...



സുധിൻ സുധാകരൻ

വീണ്ടും ഫോൺ ശബ്ദിക്കുന്നു...

മറ്റൊരു ഭൂകമ്പത്തിന്റെ തുടക്കമാവാം..

അമ്മ ചാടിയെഴുന്നേറ്റു. ഇനി നിശബ്ദ സാക്ഷിയായി മുന്നോട്ടു പോകാനാവില്ല. ഉറച്ച തീരുമാനത്തോടെ മുൻവശത്തെ മുറിയിലെത്തി.

അച്ഛനും മകനും നോക്കിനിൽക്കേ സമനില നഷ്ടപ്പെട്ടവളെപ്പോലെ അതെടുത്ത് ഒരു തീബോംബ് കണക്കെ

മഴയിലേക്ക് വലിച്ചെറിഞ്ഞു.

ഏഴ് നിലയുള്ള ഫ്ലാറ്റിന്റെ ഗ്രൗണ്ട് ഫ്ലോറിലെ മാർബിൾ പ്രതലത്തിൽ

കുടുംബ ഭദ്രത നിലനിർത്താനായി അത്

സ്വയം ശിഥിലമായി..





# വിഷാദം പൂക്കുന്ന മരം



മനീഷ

വിലക്കപ്പെട്ട
കനികളനേകം
വിളയുന്നമരം.
വിഷാദം പൂക്കുന്ന മരം.

വിത്തു വീണതും
നാമ്പിടുന്നതും
വളർന്നുമൂക്കുന്നതും
പൂവിട്ടുകായ്ക്കുന്നതും
മണ്ണറിയാതെ.

സ്നേഹത്തിന്റെ,
പരിഗണനയുടെ,
ഉത്തരവാദിത്തങ്ങളുടെ
മര നിറവിനുള്ളിൽ
മനസെന്ന വിള നിലം
കാണാതെ പോകുന്ന മരം
വിഷാദം പൂക്കുന്ന മരം.

അതിൻ വേരുകൾ നെഞ്ചിൽ
ആഴത്തിൽ പടർന്ന്
അധികാരം സ്ഥാപിക്കുമ്പോൾ
വിണ്ടുകീറും
വിളനിലമാം മനസ്.


ഭക്ഷിച്ചില്ലല്ലോ
വിലക്കപ്പെട്ട
കനികളൊന്നുമെന്ന് ആകുലപ്പെടും.

പിന്നെയും വേരാഴങ്ങൾ
ഞെരിക്കുമ്പോൾ
ആശ്വാസം തേടിയലയും.
സ്നേഹം, ദയ, കരുതൽ,
കൊടുത്തവരോടൊക്കെ
ഒരു തുള്ളിയെങ്കിലും
തിരികെ തരുമോയെന്ന് യാചിക്കും.

മരത്തണലൊന്നു കൊതിക്കും.
കാർമേഘ മിഴിയോടെ
പെരുമഴയിൽ നനയും.
വസന്തമൊന്നും
വരില്ലെന്ന്
നിശ്വസിക്കും.

സ്നേഹത്തിന്റെ വിശപ്പ്
സഹിക്കാനാകാതെ
വിഷാദം പൂക്കുന്ന
മരത്തിൽ വിളഞ്ഞ
കനികൾ ഭക്ഷിക്കും.

ഒടുവിൽ,
വിഷാദം പൂക്കുന്ന മരം
മാത്രം ശേഷിക്കും.





നിബിൻ കള്ളിക്കാട്

# ആത്മഹത്യക്ക് മുൻപ്

മരണത്തിലേക്കുള്ള
ടിക്കറ്റു കൗണ്ടറിൽ
വച്ചാണ് നമ്മൾ
പരസ്പരം
പരിചയപ്പെടുന്നത്...

വഴിയാത്രക്കാരായി
നമുക്കൊപ്പം
ആളിറങ്ങാനാകാത്ത
സ്വർഗ്ഗത്തിന്റെ സ്റ്റോപ്പിൽ
നിന്നും കയറിയവരേറേ..

വിശുദ്ധിയുടെ
പലനിറമുള്ള
വസ്ത്രം ധരിച്ചവർ...
അഴുക്കുചാലിൽ
പുഞ്ചിരിയോടെ
നീന്തിയെത്തിയവർക്കൊപ്പം
അതിശയത്തോടെ
നമ്മെ നോക്കുന്നു..

നീ അവൾ ആയിരുന്നു
ഞാൻ അവനും...
നമ്മുടെ സ്വപ്നങ്ങൾ
മരിച്ചു ദഹിപ്പിച്ച
ചാരവുമേന്തി

മരണത്തിന്റെ മോക്ഷം
തേടി യാത്രയായവർ...

നമുക്കിടയിൽ ഭൂമിയിൽ
വേരുകളില്ലാതെ...
അപരിചിത മുഖചിരിയിൽ
ബന്ധങ്ങളുടെ
സിരകളിൽ ഉണങ്ങി
ദ്രവിച്ച വേനൽ....

ഇടയിലൊരാൾ
ചോരകൊണ്ടെഴുതിയ
പുസ്തകം വിൽക്കാനെത്തി.
ആഗ്രഹങ്ങളുടെ മരണം
ജീവിതത്തിന്റെ നിയമമെന്ന്
പറഞ്ഞു കൊണ്ടിരുന്നു

മൗനങ്ങളിൽ നിന്നും
വാക്കുകൾ കടം
ചോദിച്ചു കൊണ്ട്
ജനാലയിലൂടെ
വിശ്വാസത്തിന്റെ
കാറ്റടിയ്ക്കുന്നുണ്ട്..

നോക്കവേ, മിഴികളിൽ
മഹാസമുദ്രവുമായി

ഒരു കുഞ്ഞു പെൺകുട്ടി...
അവളുടെ ശിരസ്സിൽ
നാളെയുടെ ദുഃഖം
അഭിമാനത്തിന്റെ
ചുമടിലേന്തി നടക്കുന്നു..
ഭാവികാലങ്ങളുടെ
ഭീതി സ്വപ്നകളിൽ
കൊല്ലപ്പെടും മുൻപ്
തനിയെ യാത്രയായവൾ...
വന്യനിയമത്തിനു
അന്നമാകാൻ ആരെയോ
തേടി കാട്ടിലെ നടന്നു
വന്ന പാതകളിൽ നിറയെ
വസന്തം കൊഴിച്ചപൂക്കൾ ...

അടുത്തെവിടെയോ
പ്രണയത്തിന്റെ
കുരുതിക്ക് മുൻപ്
ബലിമൃഗത്തിന്റെ കരച്ചിൽ
പിന്നെ നിസ്സഹായതയുടെ
നോവുന്ന നിലവിളി

യാത്രക്കാർക്ക്
അത്താഴത്തിനുള്ള
സമയമായി....
പാപത്തിന്റെ പങ്കുപാത്രം
നിറയെ അപ്പ കഷ്ണങ്ങൾ
അത് തെറ്റിന്റെ വീഞ്ഞിൽ
മുൻപിൽ നിറയ്ക്കുന്നു....
ചതിയുടെ മേശകളിൽ
കണ്ണീരിൽ വെഞ്ചരിച്ചു
പലരും ആർത്തിയോടെ
ഭക്ഷിക്കുന്നു....

ശുദ്ധവസ്ത്രത്തിന്റെ
നിറം മാറി അഴുക്കാകുന്നു...
അഴുക്കുപുരണ്ടവർ
അങ്ങനെ തന്നെ തുടരുന്നു...
മുറിഞ്ഞ പല്ലുകളിൽ
ഇരയുടെ ഓർമ്മരക്തം...
ചുണ്ടുകളിൽ ചതിയുടെ
മുറിവുകളിൽ ജീവിതം
കടിച്ചു കീറിയ മാംസം...

പെട്ടെന്നാരോ
അപായ ചങ്ങല വലിച്ചു..
പിന്നെ പറഞ്ഞു....
സ്വപ്നങ്ങളിൽ നിന്നും
വഴിയാത്രക്കാരുണ്ട് ,
ആത്മഹത്യയുടെ
സ്റ്റോപ്പിൽ ഇറങ്ങാൻ

ഇടയ്ക്കാരോ നമ്മെ
നോക്കുന്നു....
പ്രണയത്തിന്റെ
പേരുകൾ കൊണ്ട്
മരണത്തിന്റെ
ഗുണനചിഹ്നങ്ങളുടെ
ആഴമുള്ള കണ്ണുകളിൽ ..

മരിച്ചിട്ടും മരിയ്ക്കാത്ത
മനസ്സുമായി നാം
മരണത്തിന്റെ സ്റ്റോപ്പിൽ
വണ്ടിനിർത്തുന്നതിനു
മുൻപ് ഇറങ്ങുന്നു..
കനവുകളുടെ ഭൂപടത്തിൽ
നിന്നും രണ്ടു രൂപങ്ങൾ
ഭൂമിയിൽ കുറയുന്നു....

അവിടെ
ചിതറി തെറിച്ച
ചോരപ്പൂക്കളിൽ
നാം നമ്മുടെ മാത്രം
വസന്തത്തെ പുണരുന്നു....
മറ്റുള്ളവർ അറിയാതെ
വേദനയുടെ പാളങ്ങളിൽ
വിരഹത്തിന്റെ ബോഗിയിൽ
യാത്രകൾ തുടരുന്നു .....!



# അശരീരികൾ

നമ്മുടെ സ്വപ്നത്തി നൂഞ്ഞാലിൽ തുഞ്ചെത്തെവിടെയോ
ഒരു നിശ്ശബ്ദത മിഴിയിറങ്ങി പോകുന്നു.

നിറങ്ങൾ വറ്റിയ ആകാശത്തിന്ററ്റത്ത് ഉറവതേടി പരസ്പരം
നാം കാത്തിരിക്കുന്നു.

ഉദിക്കാതെ നിൽക്കുന്ന സൂര്യ ശിഖരങ്ങളിലെ വെയിൽ
മുള്ളുകൾ കോറി വരച്ച ശൽക്കബാക്കിയിൽ നമ്മുടെ
ഭൂപടങ്ങൾ രണ്ടു വൻകരകളായി വിസ്ഥാപനം നടത്തുന്നു.

കടുത്ത പാറകൂട്ടങ്ങളുടെ തെന്നിമാറലിൽ
ഉൾചേരലുകളുടെ ശനിപാതയിൽ
ചോരയിറ്റു വീഴുന്ന നഗ്നകൈവഴികൾ...

വിരഹത്തിന്റെ വിഷവള്ളികളിൽ പുഷ്പിച്ച
കറുത്ത പുഷ്പങ്ങളെ തേടിയെത്തുന്ന
നഷ്ടബോധത്തിന്റെ ഭ്രമരച്ചിറകുകൾ.

വിജനമായ ജൈവ പാപക്കരയിലെ ചെങ്കുത്തായ
കയറ്റങ്ങളിൽ വിയർപ്പിൻ വിത്തുകൾ
തൂവിയ കൈവെള്ളത്തടങ്ങൾ.

കൊടുംവളവുകൾ ഇണചേരുന്ന
പൊരുളിടങ്ങളിൽ ഉരുക്കങ്ങളുടെ നേർച്ചക്കല്ലിൽ
ശിരസ്സറ്റുപോയ നമ്മുടെ ഉടൽ.

സൂക്ഷ്മാണുക്കൾ ദഹിപ്പിച്ച അകസത്തയുടെ
നീർവറ്റിയ വരി ബാക്കിയിൽ, വിരൽ പിടയുന്നൊരു
രേഖാചിത്രം മുഴുപ്പിക്കുവാൻ കാത്തിരിക്കുന്നവർ.

അവസാന കണ്ണിയിലെ തേഞ്ഞുതീർന്ന വിങ്ങലുകൾ
ചേർത്തുനിർത്തി ചങ്ങലപ്പെരുക്കങ്ങൾ
കാതിൽ ഇടിമുഴക്കങ്ങളാകുന്നു.

ദിക്കറിയാത്ത മിന്നലിന്റെ കാഴ്ചയിൽ നാം
തിരിച്ചറിയാതെ കനൽ പുതയ്കുന്നു.

ഭ്രമം പകർത്തിയ പനിരാശിയിൽ നമ്മുടെ
കാന്ത വലയങ്ങൾ തമ്മിൽ
തമ്മിൽ വിച്ഛേദിക്കപ്പെടുന്ന
നിർവ്വചിക്കാനാകാത്ത
അശരീരികളായി മാറുന്നു ......



സുഭാഷ് പോണോളി

# കടലാഴങ്ങളിൽ



സെയ്തലവി വിളയൂർ

ജീവിതത്തിൻ വൈവിധ്യ
തീരങ്ങളിലൂടെ കടന്നുപോകുമ്പോൾ
കടലാഴങ്ങളിൽ പലപ്പഴും നാം
അറിയാതകപ്പെട്ടു പോകാറുണ്ട്

സന്തോഷങ്ങൾ മുഴുവൻ
നില്ക്കക്കള്ളിയില്ലാതെ
ആത്മഹത്യ ചെയ്യുമ്പോൾ
ദുഃഖത്തിന്റെയൊരു മഹാ സമുദ്രത്തിൻ
ആഴംതേടി നാം യാത്രയാകുന്നു

ചതച്ചു കുത്തിപ്പെയ്യുന്ന മഴ
മോന്തായത്തിലൂടെയിറങ്ങി വന്ന്
വീടകത്തൊരു കടൽ പണിയുമ്പോൾ
കണ്ണീരിന്റെയാഴങ്ങളിലേക്കാണ്
ഒരു കുടുംബം ആഴ്ന്നുപോകുന്നത്


ഇല്ലായ്മകളുടെ ഉപരിതലത്തിലൂടെ
സഞ്ചരിക്കുന്ന ജീവിത നൗകയെ
കപ്പിത്താൻ കൈവിടുമ്പോൾ
അതിലുള്ള കുടുംബം മാറിത്താമസിക്കുന്നത്
ദുരിതങ്ങളുടെ കടലാഴങ്ങളിലേക്കാണ്

തന്നിഷ്ടങ്ങളിലേക്ക്
ആരാന്റിഷ്ടങ്ങൾ കടന്നുകയറുമ്പോൾ
വെറുപ്പിന്റെയൊരു
കടലാഴം തന്നെ രൂപപ്പെടാറുണ്ട്
കാരുണ്യത്തിന്റെയും
അറിവിന്റെയും
കടലുകളേക്കാൾ
ആഴമുണ്ടായിരിക്കുമവയ്ക്ക്



കവിത

# ഒരു അധ്യയനദിവസം ആരംഭിക്കുന്നു....





**സോണിവർഗീസ് വാരനാട്**

കുളിരിന്റെ കൂവിയുണർത്തലിൽ
അവന്റെ ദിനപ്പുറപ്പാടിന്റെ ചക്രം തിരിഞ്ഞു.
മഴത്തുള്ളികളുടെ കൂട്ടുകൂടലിൽ നിന്നൊഴിഞ്ഞ്
സമവാക്യങ്ങളുടെ  കരിയിലക്കൂട്ടത്തിലേക്ക്.
ഊർജ്ജത്തിന്റെ നിത്യകവാടങ്ങൾക്ക് തിരശ്ശീലയിട്ട്
അജ്ഞാതമായ പേരുകളുടെ നിലവറകളിലേക്ക്.
പ്രകൃതിയുടെ പുസ്തകത്താളുകൾ അടച്ചു വെച്ച്
നിശ്ചലചിത്രങ്ങളുടെ അജൈവികതയിലേക്ക്
സ്നേഹത്തിന്റെ സൂക്ഷ്മഗന്ധങ്ങൾക്ക് താഴിട്ട്
ക്ഷാരാമ്ലങ്ങളുടെ തീൻമേശയിലേക്ക്.
മൂർത്തരൂപങ്ങളുടെ അളവതിരിൽ നിന്ന് കൺവലിഞ്ഞ്
മങ്ങിപ്പോകുന്ന ജ്യാമിതീയ രൂപങ്ങളിലേക്ക്.

വ്യവസ്ഥകളുടെ ചൂണ്ടക്കൊളുത്തിൽ പെട്ട്
നാലു മൂലകളും കീറപ്പെട്ട വിധേയത്വമാകുമ്പോൾ
അകലെയേതോ ഏറുമാടത്തിൽ നിന്ന്
പറന്നെത്തുന്ന ഗസലിൻ തൂവലിൽ
അവൻ ആർത്തിയോടെ ചുണ്ടമർത്തുന്നു....





# മരം



ഷഫീന സൈത്തൂൻ

പടിഞ്ഞാറേ
വരമ്പത്ത്
വിരഹക്കനൽതാണ്ടി
ഇരുൾവീഴുംനേരത്ത്
കളിക്കാരനായൊരാൾ
പതുങ്ങി നിന്നു.

കാലമാം കളിത്തട്ടിൽ
നിലയില്ലാക്കയംനീന്തി കുടിച്ചുവറ്റിച്ച്
ഉള്ളുണർന്നിരിക്കുന്നു
മരമാകും ഉയിർപ്പെണ്ണ്!

ജീവനപ്പൊരുൾതേടി
ജീവിതപ്പീലിനീർത്തി
പുഴയോരത്തിരിക്കുന്ന
പരമസത്യം!

പലകണ്ണിൽ തിരിനാളം കാറ്റത്താൽ ഉലയു
മ്പോൾ
കരിവേഷം പകർന്നാടും
ബലിസത്വങ്ങൾ!

അളവില്ലാ നിറവോടെ
വിരൽ-
അടുക്കും വിറകുകൾ
പാടുന്നു

നൃത്തരൂപങ്ങളായ്
മാറുന്നു.

മരണത്തിൻ തലയോട്ടി
തീക്കുറ്റിപോൽ ചിതറിക്കാൻ
മുറിപ്പെട്ടവനെ പൊതിഞ്ഞു വയ്ക്കുന്നു,
തീ കൊളുത്തുന്നു.

ഒടുക്കത്താൽ
പെരും നിലവിളികൾ
വിളിപ്പാടകലേക്ക്
പക്ഷിയെപ്പോലെ പായുന്നു.

കോടാലിക്കൈയ്യാൽ
മുറിപ്പെട്ടു മരിച്ചത്
ഞാനോ
നീയോ?

മൃതിയടയാളം പേറി
നോവിൻ അപരാഹ്നമെറിഞ്ഞ്
ചമയങ്ങൾ വാരിപ്പൂശി
തീതെയ്യമാടി
ഉടൽകരിഞ്ഞു മണക്കുന്ന
മരണമരമാണവൾ!
അനാദിയായ
വേനൽമരം

കവിത



# ഇന്ദ്രപ്രസ്ഥത്തിൽ നിന്ന് ഒരുവൾ



ദർശന

ഒടുവിൽ,
വസന്തത്തിന്റെ അവസാനയിതളും കൊഴി
ഞ്ഞുപോയ
ഒരു സന്ധ്യയിൽ
ഞങ്ങൾ കണ്ടുമുട്ടി.

ഒരു മഴപ്പാട്ടിന്റെ ഈണങ്ങൾ അന്നേരം
താഴ്‌വരകളും കടന്ന് മാഞ്ഞു പോയിരുന്നു

മഞ്ഞിന്റെ നേർത്ത ഉടയാടയിൽ അവൾ
സ്വയം മറയാൻ ശ്രമിക്കുകയായിരുന്നു.

ഒരു നോക്കു മാത്രം.

നിർവചനാതീതമായ മിഴികൾ.
ഇനിയും എന്തൊക്കെയോ കാണാനുണ്ടെ
ന്ന ഭാവം.

പെയ്തൊഴിയാത്ത കൺകോണിൽ
പോയകാലത്തിന്റെ കറുത്ത ഭൂപടങ്ങൾ.

സൂക്ഷിച്ചു നോക്കി, ,
ചോരയിൽ ഉറഞ്ഞുപോയ കുഞ്ഞുങ്ങൾ, യു
വാക്കൾ,
തീയിൽ ചുട്ടെടുത്ത പെൺശരീരങ്ങൾ.
പലായനം ചെയ്യുന്നവർ.

അവൾക്ക് കുളിരുന്നുണ്ടായിരുന്നുവെന്ന്
തോന്നി.
ഉണങ്ങിയ പൈൻമരച്ചില്ലകൾ കൂട്ടിയിട്ട് തീ
യാളിപ്പിച്ചപ്പോൾ
അവളുടെ കണ്ണുകളിൽ
സംഭ്രമം.

അതിൽ മണിപ്പൂരിലെ പെൺകുട്ടികളുടെ
മിഴികളിലെ നടുക്കം കലർന്നതെങ്ങനെ?

അവൾ പതിയെ നടക്കാൻ തുടങ്ങി.
വല്ലാതെ വേച്ചുവിറയ്ക്കുന്നുണ്ടായിരുന്നു
കാലം അവളുടെ ഉടയാടയിൽ മങ്ങാത്ത
ചോരപ്പൂക്കളാൽ ചിത്രപ്പണികൾ ചെയ്തത്
തീ വെളിച്ചത്തിൽ തെളിഞ്ഞു.

കരിഞ്ഞുപോയ വനത്തിൽ
ശ്മശാനഭൂമികൾ പോലെ
കൊച്ചുഗ്രാമങ്ങൾ.

നീ
എവിടെ നിന്ന് വരുന്നു?

ഒരു നിമിഷം അവൾ നിന്നു.
തിരിഞ്ഞു നോക്കാതെ പതിയെ പറഞ്ഞു.

ഇന്ദ്രപ്രസ്ഥത്തിൽ നിന്ന്.

എങ്ങോട്ട് പോകുന്നു?

അവൾ പാതി കരിഞ്ഞ ഗ്രാമങ്ങളിലേക്ക് വി
രൽചൂണ്ടി.

നിന്റെ പേരെന്താണ്?
എന്നിൽ ആകാംക്ഷ പെരുകി.
അവൾ പറഞ്ഞു, ഇന്ത്യ..

# പെൻസിൽ



ശ്രീജാവിധു



ദുർബലനായി
പ്രബലന്റെയുള്ളിൽ പതുങ്ങിയിരിക്കും.
പുറംചട്ട
പൊളിച്ചാൽ
അവൻ
വരയാകും,
വരിയാകും,
നാവാകും,
നോവാകും,
തെറ്റാണെങ്കിൽ
മായ്ച്ചു മറയ്ക്കാൻ
നെഞ്ചും വിരിച്ച് നിൽക്കും,
പ്രതിഷേധിക്കേണ്ടിടത്ത്
മുനയൊടിക്കും,
പക്ഷേ
അവന്റെ
പുറംചട്ട
പൊളിച്ചടുക്കാൻ,
ഒരു കൈ വേണം.
ആ കൈയ്യാവാമേവർക്കും

# മയിൽപ്പീലിക്കണ്ണുകൾ

പീലിവിൽക്കുന്ന നീലിപ്പെണ്ണിന്റെ
കണ്ണ് നിറയെ  തുളവീണ  ആകാശമേലാപ്പുകളാണ്.
മയിൽപ്പീലികുഞ്ഞുങ്ങളെപ്പോലെ
അങ്ങോട്ടുമിങ്ങോട്ടും കാറ്റിലാടി ആരെയോ അലക്ഷ്യമായി
നോക്കിയങ്ങനെ നിൽക്കും.

വീണുകിട്ടുന്ന
നാണയത്തുട്ടുകളിൽ
അവളൊരു കിനാവിനെ
പറിച്ചുനടും.
അന്ന് കട്ടിലിനടിയിലൊളിച്ചിരുന്ന
കുടുക്കക്കുഞ്ഞന്റെ
വയറുനിറയും.

മിട്ടായിപ്പൊതി കാത്തിരുന്ന
കുഞ്ഞിക്കണ്ണുകളിൽ
ചിരി വിരിയും.
വിശ്രമത്തിനു ശേഷം
വിറകുകൾ അടുക്കള കാണും.

'ഇനിയെന്നാണമ്മേ
 നമ്മള് ചോറുണ്ണുക' യെന്ന ചോദ്യം
തുളഞ്ഞു ഭിത്തിയിലൊരു
വിള്ളലാകും.
വരണ്ട ഉമ്മറം
കണ്ണീരാൽ നനയും.
തിളങ്ങുന്ന പീലികളും പേറി
അവൾ പടിയിറങ്ങും..

നീലിയുടെ  മയിൽപ്പീലികൾക്കെന്നും
കാർമേഘത്തിന്റെ നിറമാണ്.
പീലിത്തൂവലെങ്കിലും
നോവിന്റെ തീരാഭാരമാണ്.
മയിൽപ്പീലിക്കണ്ണുകളിൽ
അവൾ നനയാറുള്ള ഒരു
മഴക്കാലം  മാത്രം
കുടുങ്ങിക്കിടക്കുന്നു.





ജ്യോതിശ്രീ. പി.

# വാഴ്വ്



പീളകെട്ടിയ കണ്ണുകളിലെ
വഴുക്കൽ പോലെ
ഇടയ്ക്കിടെ മനസ്സിലുള്ള
വഴുക്കലിനേയും
തുടച്ചു കൊണ്ടിരുന്നു.
ഏത് വറചട്ടിയിലിട്ടു
പൊരിച്ചാലാണാവോ
ഈ മീനിനെ
മൊരീച്ചെടുക്കാനാവുക?

എത്രത്തോളം കറകൾ
അവിടത്തെ അറകളിലുണ്ട്
അതേത് പുസ്തകമെടുത്ത്
നോക്ക്യാലാണാവോ
വായിക്കാനാവുക?

പിണങ്ങിപ്പിരിഞ്ഞവർക്കും
അകന്നുമാറി നില്ക്കുന്ന
വർക്കും ഒരേ ചോദ്യമെ -
യുള്ളൂ ചോദിക്കാൻ !
ഈ കൊട്ടാരത്തിലെ
രഹസ്യങ്ങൾക്ക്
ഏത് മലക്കാണ്
കാവലിരിക്കുക ?

പകർപ്പവകാശത്തിന്റെ
ആധാരപ്പെട്ടികൾ
കട്ടുറുമ്പുകൾ കാഷ്ഠി -
ച്ചതു പോലെ എവിടെക്കെയോ
ഒപ്പിട്ട മുദ്രകൾ .......
അതിലിപ്പോൾ .... മഷി -
മാഞ്ഞു പോയിരിക്കുന്നു.

കണ്ണുകളിലെ പീളകൾ
തുടച്ചുമാറ്റുമ്പോഴും
കാഴ്ചയ്ക്കുള്ള കണ്ണട
അവരുടെ ഇടത്തെ
കൈയ്യിലിരുന്ന്
ചില്ലുകൾ പൊട്ടിച്ചിന്തി
വിറച്ചു കൊണ്ടിരുന്നു.
നൂലുകൾ കെട്ടിയ കറുത്ത
ഫ്രെയിമുള്ള കണ്ണട
മതിയായിട്ടും
ജീവിച്ചല്ലേ പറ്റൂ ....



കയ്യുമ്മു കോട്ടപ്പടി




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ  മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ,  നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച്  മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന  ഓരോ ചെറിയ  വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര  മാതൃകയാവട്ടെ...

കുട്ടികളുടെ  മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ..  വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക...  ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***


**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ്  ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന  ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# കുട്ടിവരകൾ













Alfiya Ansari, 6 A , M E S School Kunnicode.

# പൊന്നു മയിലിനു കിട്ടിയ ശിക്ഷ

**ഗായത്രി ഗോപകുമാർ**
Std.X (10)
ജെ.എം.ജെ. ഇ എം.എച്ച്.എസ്സ് . എസ്സ്
അത്താണി തൃശ്ശൂർ

**ച**ക്കരക്കാട്ടിലെ പൊന്നു മഹാ അഹങ്കാരിയായിരുന്നു. അവൾ എന്നും ചിന്നു കാക്കയെ കളിയാക്കുമായിരുന്നു.

ഹും, നിന്നെ കാണാൻ ഒരു ഭംഗിയുമില്ല, കറുത്ത നിറമാണ് നിനക്ക് , പുലർകാലത്ത് ആ ആൽ മരത്തിൽ ഇരുന്ന് നിന്റെ ഇമ്പമില്ലാത്ത സ്വരത്തിൽ കാ... കാ... എന്ന് കരഞ്ഞ് എല്ലാവരുടെയും ഉറക്കം കളയും . അതു മാത്രമല്ല ഞങ്ങൾ കൂടുകളിൽ നിന്ന് കളയുന്ന അവശിഷ്ടങ്ങളും , മറ്റു ചപ്പുചവറുകളും എല്ലാം എടുത്തു കളയുന്നതും നീയല്ലേ .

ഇതെല്ലാം കേട്ട് സങ്കടമാകുമെങ്കിലും ചിന്നു കാക്ക ഒന്നും മിണ്ടിയിരുന്നില്ല.

ഇങ്ങനെ പൊന്നു മയിൽ ചിന്നു കാക്കയെ കളിയാക്കുന്നതെല്ലാം ഒരു ദിവസം പക്ഷികളുടെ രാജാവായ ചിങ്കൻ പരുന്ത് കണ്ടു.

' പൊന്നു മയിൽ മഹാ അഹങ്കാരിയാണ്, ഇവളെ ഒരു പാഠം പഠിപ്പിക്കണം.' ചിങ്കൻ പരുന്ത് തീരുമാനിച്ചു.

അങ്ങിനെയിരിക്കെ രാജാ ചിങ്കൻ ഭടൻമാരോട് പറഞ്ഞു

' പക്ഷികളിൽ സുന്ദരിയായവൾക്ക് സമ്മാനം കൊടുക്കുന്ന വിവരം കാട്ടിലെ എല്ലാ പക്ഷികളെയും അറിയിക്കുക.'

ഇതറിഞ്ഞ പക്ഷികൾ എല്ലാം പറഞ്ഞു,
'സുന്ദരിപ്പട്ടം കിട്ടാൻ പോകുന്നത് പൊന്നുവിന് തന്നെ.'

അങ്ങിനെ ആ ദിവസം വന്നെത്തി. പൊന്നു മയിൽ കസേരയിൽ ഞെളിഞ്ഞിരുന്നു. പരിപാടിയിൽ എല്ലാ വിഭാഗത്തിൽ പെട്ട പക്ഷികളും പങ്കെടുക്കണമെന്ന് പറഞ്ഞിരുന്നതിനാൽ ചിന്നുവും പങ്കെടുത്തിരുന്നു. പരിപാടിക്കിടയിൽ പൊന്നു ചിന്നുവിനോട് പറഞ്ഞു ' സുന്ദരിപ്പട്ടം കിട്ടാൻ പോകുന്നത് എനിക്കു തന്നെ !' അതു കേട്ട് ചിന്നു മിണ്ടാതിരുന്നു.

സമ്മാനം കൊടുക്കുന്നതിന്റെ അറിയിപ്പ് ഉണ്ടായി. രാജാ ചിങ്കൻ എഴുന്നേറ്റ് നിന്ന് വിജയിയെ പ്രഖ്യാപിച്ചു. .' ഈ വർഷം സുന്ദരിപ്പട്ടം ലഭിച്ചിരിക്കുന്നത് ചിന്നു കാക്കക്കാണ്.' ചിന്നു ഞെട്ടിപ്പോയി. താൻ സുന്ദരിയല്ലല്ലോ , പിന്നെങ്ങിനെയാണ് തനിക്ക് സുന്ദരിപ്പട്ടം ലഭിക്കുക!

ചിന്നുവിന് സുന്ദരിപ്പട്ടം കിട്ടിയെന്ന് കേട്ടപ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ടാവും അല്ലെ ? അവളുടെ നിറം കറുപ്പാണെങ്കിലും അവളുടെ മനസ്സിന്റെ സൗന്ദര്യം നോക്കിയാണ് സമ്മാനം കൊടുക്കാൻ തീരുമാനിച്ചത്.

പൊന്നു അവളെക്കുറിച്ച് മോശമായി പറഞ്ഞിട്ടും അവൾ തിരിച്ചൊന്നും പറഞ്ഞില്ല. അവളുടെ മനസ്സിന്റെ നന്മയാണത്. പൊന്നു ഇനി ആരെയും പറ്റി മോശമായി പറയരുത്. നാണിച്ചു പോയ പൊന്നു ചിന്നുവിനോട് ക്ഷമ ചോദിച്ചു. പിന്നീടൊരിക്കലും പൊന്നു ചിന്നുവിനെയെന്നല്ല ആരെയും കളിയാക്കിയിട്ടില്ല.






# ബാലിദ്വീപ്

## എസ്.കെ.പൊറ്റക്കാട്

**ഐശ്വര്യ രാജേഷ്,**
10 A
CNNGHS, ചേർപ്പ്, തൃശൂർ

ഒരു ദേശത്തിൻെറ കഥ എന്ന ആത്മകഥാപരമായ നോവൽ എഴുതി ഭാരതീയ ജ്ഞാനപീഠപുരസ്ക്കാരത്തിനർഹനായ ശ്രീ. എസ്.കെ.പൊററക്കാടിൻെറ ഒരു യാത്രാവിവരണഗ്രന്ഥമാണ് ബാലിദ്വീപ്. സഞ്ചാരസാഹിത്യകാരൻ, കവി, ചെറുകഥാകൃത്ത്,നോവലിസ്ററ് എന്നിങ്ങനെ സാഹിത്യത്തിൻെറ വിവിധ ശാഖകളിൽ തൻെറ തനതായ വ്യക്തിമുദ്ര പതിപ്പിച്ച മഹത് വ്യക്തിയാണ് എസ്.കെ.പൊറ്റക്കാട്.

സഞ്ചാരികളുടെ സ്വർഗ്ഗമായ ബാലിദ്വീപ് സന്ദർശിച്ചപ്പോൾ അവിടെ കണ്ട കാഴ്ചകളും അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളും ഇതിൽ സജീവമായി ചിത്രീകരിച്ചിരിക്കുന്നു.

പഴയ കേരളസംസ്ക്കാര പ്രതിഭാസങ്ങളും ആചാരവിശേഷങ്ങളും ആരാധനാസമ്പ്രദായങ്ങളും അതേപോലെ ബാലിദ്വീപിൽ കാണാം. കേരളത്തിന്റേതുപോലുള്ള പ്രകൃതിഭംഗിയാണ് ബാലിദ്വീപിൽ. ഗ്രാമീണരുടെ ഇടയിലുള്ള ഗ്യാമലിൻ വാദ്യത്തോടുകൂടിയുള്ള ജോഗെ നൃത്തം കണ്ണും കരളും കവരുന്നവയാണ്. നൃത്തം ചെയ്യുന്ന കന്യക കാഴ്ച്ചക്കാരിൽ ഇഷ്ടമുള്ളയാളെ തന്നോടൊപ്പം നൃത്തം ചെയ്യാൻ ക്ഷണിക്കുകയും അയാൾ അവളോടൊത്ത് നിസ്സങ്കോചം നൃത്തം ചെയ്യുകയും ചെയ്യും.

ബാലിദ്വീപിലെ മ്യൂസിയത്തിൽ ധാരാളം താളിയോലഗ്രന്ഥങ്ങൾ അടുക്കും ചിട്ടയുമായി ശേഖരിച്ചു വച്ചിട്ടുണ്ട്.

ബാലിത്തരുണികൾ സുന്ദരികളാണ്. ചെറുപ്പത്തിൽ തന്നെ അവർ ചുമടെടുക്കാൻ ശീലിക്കുന്നു. അരികൊണ്ടുണ്ടാക്കിയ പലഹാരങ്ങളുമായി അവർ ക്ഷേത്രത്തിലേക്ക് നീങ്ങുന്ന കാഴ്ച്ച ആരെയും ആകർഷിക്കും.

മന്ത്രവാദത്തിൽ ഇവർക്കു വലിയ വിശ്വാസമാണ്. സതിയനുഷ്ഠിക്കുന്ന പതിവ് ഇവരുടെ ഇടയിലുണ്ടായിരുന്നു. വിവാഹത്തിൽ വധൂപിതാവിനാണ് സ്ത്രീധനം കിട്ടുന്നത്.

അവർ കൃഷി ചെയ്യുന്നതും മറ്റും മുഹൂർത്തം നോക്കിയാണ്. അരിയാഹാരത്തിനു പുറമേ ചോളവും മധുരക്കിഴങ്ങും ഇവർ കഴിക്കുന്നു. പ്രധാന വിനോദമാണ് കോഴിയങ്കം. മരണാനന്തരക്രീയകളിലും ഇവർക്ക് ചില ആചാരങ്ങളുണ്ട്.

ബാലിദ്വീപുകാരുടെ ജീവിതത്തിലേക്കുള്ള എത്തിനോട്ടമാണ് ഈ കൃതി. ഇത് സശ്രദ്ധം വായിക്കുന്ന ഒരാൾക്ക് ബാലിദ്വീപിലൂടെ ഒരു പഠനയാത്ര നടത്തുകയാണ് എന്ന തോന്നലുണ്ടാകും. അത്തരത്തിലുള്ള രചനാസമ്പ്രദായമാണ് എസ്.കെ.പൊറ്റക്കാട് സ്വീകരിച്ചിരിക്കുന്നത്.